**പന്ത്രണ്ടാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

**രണ്ടാമത് റിപ്പോർട്ട്**

(2006 ഒക്റ്റോബർ മാസം 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കൊല്ലം കോർപ്പറേഷനെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2006

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

രണ്ടാമത് റിപ്പോർട്ട്

(2006 ഒക്റ്റോബർ മാസം 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(കൊല്ലം കോർപ്പറേഷനെ സംബന്ധിച്ച്)

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

928/2006.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം : | 1. പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 27 |
| | 2. അർബൺ അഫയേഴ്സ് ഡയറക്ടറിൽ നിന്നുള്ള 10-11-2004-ലെ സി.4-18731/2004 നമ്പർ കത്ത് | .. | 31 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എൻ. അനിരുദ്ധൻ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എം. സി. വത്സൻ, സെക്രട്ടറി
ശ്രീ. എസ്. പരമേശ്വരൻ, ജോയിന്റ് സെക്രട്ടറി
,, ഡി. സുകുമാരൻ ആചാരി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2006 ഒക്റ്റോബർ മാസം 10-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
ഒക്റ്റോബർ, 19,2006

## റിപ്പോർട്ട്

### കൊല്ലം കോർപ്പറേഷൻ

#### നികുതി പിരിവിലും മറ്റ് റവന്യൂ കളക്ഷനുകളിലുമുള്ള അലംഭാവംമൂലം വൻ നഷ്ടം

കൊല്ലം നഗരസഭ നികുതിയിനങ്ങളിലെ ഡിമാന്റ് ശരിയായി നിശ്ചയിച്ച് അത് യഥാകാലം പിരിച്ചെടുക്കുന്നതിനും കുടിശ്ശിക തുക ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. 1995-96 മുതൽക്കുള്ള മൂന്നു വർഷത്തെ പ്രധാന നികുതിയിനങ്ങളുടെ പിരിവ് ശതമാനം ചുവടെ ചേർക്കുന്നു:

| | | 1995-96 | 1996-97 | 1997-98 |
|---|---|---|---|---|
| 1. | വസ്തുനികുതി | 32.47% | 44.15% | 38.50% |
| 2. | തൊഴിൽ നികുതി | 20.42 | 36.14 | 34.95 |
| 3. | ചന്ത വരവ് | 81.74 | 62.84 | 57.20 |
| 4. | ബസ് സ്റ്റാൻഡ് പിരിവ് | 20.23 | 20.23 | 34.55 |
| 5. | വസ്തുക്കളിൽ നിന്നും കെട്ടിടങ്ങളിൽ നിന്നും വരവ് | 30.57 | 36.33 | 52.56 |

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ട വിവിധ സ്ഥാപനങ്ങളുടെ പട്ടികയും ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററും പരിശോധിച്ചതിൽ 1994-95-ൽ 118 വിവിധ സ്ഥാപനങ്ങളെ പൂർണ്ണമായും 51 സ്ഥാപനങ്ങളിലെ ജീവനക്കാരെ ഓരോ അർദ്ധവർഷവും കാരണം കൂടാതെ തൊഴിൽ നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

നഗരസഭ വക ബങ്കുകളിൽ നിന്നും കടമുറികളിൽ നിന്നും യഥാസമയം വാടക ഈടാക്കാത്തതിനാൽ 1994-95-ൽ നഗരസഭയ്ക്ക് 2,93,532 രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ നിയമാനുസരണം വാടക നിശ്ചയിച്ച് ആവശ്യക്കാർക്ക് നൽകി വാടക ഈടാക്കാൻ വേണ്ട നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സഹായകരമായ ഇത്തരം നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999, ഖണ്ഡിക 4.3 (a)].

#### ആഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം കോർപ്പറേഷന്റെ മറുപടി

1. "കൊല്ലം നഗരസഭയിലെ 1995-96, 1996-97, 1997-98 വർഷങ്ങളിൽ, ആഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന ഡിമാൻഡു തുകയിൽ (പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടേയും, കോടതി സ്റ്റേ വാങ്ങിയിട്ടുള്ളവയും, ഭൂമിക്കുള്ള കരം എന്നിവയുടെ) നാളിതുവരെയുള്ള ഡിമാന്റാണ് (ക്യൂമിലേറ്റീവ്) ഉൾപ്പെട്ടിട്ടുള്ളത്.

കൂടാതെ സർക്കാർ ആഫീസുകളുടെ വസ്തുകരവും സർവ്വീസ് ചാർജ്ജും ഉൾപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞവയൊഴികെയുള്ള വസ്തു നികുതി എല്ലാം തന്നെ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

2. തൊഴിൽ നികുതി സംബന്ധിച്ച് പരാമർശിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഡിമാൻഡ് വർഷത്തിൽ പൂട്ടിപോയിട്ടുള്ളതും, ഷിഫ്റ്റ് ചെയ്യുന്നതുമൂലം ഇരട്ടിക്കൽ സംഭവിച്ചിട്ടുള്ളതും ആണ്. പ്രൈവറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള ലിസ്റ്റ് പ്രകാരം തൊഴിൽ നികുതിയുടെ പരിധിയിൽപ്പെടാത്തവരെയാണ് ഒഴിവാക്കിയിട്ടുള്ളത്.

3. ചന്തവരവ്, ബസ്സ് സ്റ്റാൻഡ് ഫീസ് പിരിവ് എന്നിവ പൂർണ്ണമായി നടന്നിട്ടുള്ളതും, പരാമർശിക്കപ്പെട്ടിട്ടുള്ള 2,93,532 രൂപ പ്രസ്തുത വ്യക്തികളിൽ നിന്നും ഈടാക്കിയിട്ടുള്ളതുമാണ്" (അനുബന്ധം 2-ലെ കത്ത് പ്രകാരം ലഭിച്ചത്).

4. വസ്തുനികുതി, തൊഴിൽ നികുതി, ചന്തവരവ്, ബസ്സ് സ്റ്റാന്റ് ഫീ, കെട്ടിട നികുതി ഇനങ്ങളിലുള്ള പിരിവ് കുറഞ്ഞു വരുന്നതിന്റെ കാരണം 17-11-2004-ലെ തെളിവെടുപ്പ് വേളയിൽ സമിതി കൊല്ലം കോർപ്പറേഷൻ അധികൃതരിൽ നിന്ന് ആരായുകയുണ്ടായി.

5. കാലാകാലങ്ങളിലുള്ള കുടിശ്ശിക കൂടി ചേർത്താണ് തൊഴിൽ നികുതി പിരിവിന്റെ ശതമാനം കണക്കാക്കുന്നതെന്നും 34 ശതമാനം എന്നുള്ള ആഡിറ്റ് നിഗമനം തന്നെ മൊത്തം ഡിമാന്റും കുടിശ്ശികയും ചേർന്നുള്ള ഡിമാന്റാണെന്നും കറന്റ് ഡിമാന്റ് പ്രത്യേകമായി എടുക്കുകയാണെങ്കിൽ 75 ശതമാനത്തോളം പിരിച്ചിട്ടുണ്ടാകുമെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയിൽ ബോധിപ്പിക്കുകയുണ്ടായി. തൊഴിൽ നികുതി പിരിവ് കോർപ്പറേഷനിലെ ഇരുപതോളം ബിൽ കളക്ടർമാർക്ക് വാർഡ് തിരിച്ച് വിഭജിച്ച് കൊടുത്തിരിക്കുകയാണെന്നും അവർ കൃത്യമായി തുക പിരിച്ചു കൊണ്ടുവരുന്നുണ്ടെന്നും ഈയിനത്തിൽ വലിയ കുടിശ്ശിക വരാറില്ലെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. എന്നാൽ ചില സ്ഥാപനങ്ങൾ ധർമ്മ സ്ഥാപനങ്ങളാണെന്ന് അവകാശപ്പെട്ട് തൊഴിൽ നികുതിയിൽനിന്ന് ഇളവ് നൽകണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ കേസ് നൽകിയിരിക്കുകയാണെന്നും ബെൻസിഗർ ആശുപത്രിക്ക് ഈയിനത്തിൽ ആറേഴു ലക്ഷം രൂപയുടെ കുടിശ്ശികയുണ്ടെന്നും അത് വർഷങ്ങളായി പിരിച്ചെടുക്കാൻ കഴിയുന്നില്ലെന്നും എന്നാൽ ഈ തുകയും ഡിമാന്റിൽ കുറവ് വരുത്താത്തതിനാൽ, കുടിശ്ശിക കൂടിക്കൊണ്ടിരിക്കുമെന്നും സെക്രട്ടറി ബോധിപ്പിക്കുകയുണ്ടായി. കേസിലെ സ്റ്റേ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഒരു കേസിൽ കോർപ്പറേഷന് തൊഴിൽ നികുതി പിരിക്കാൻ അധികാരമുണ്ടെന്ന അനുകൂലമായ വിധി ലഭിച്ചിട്ടുണ്ടെന്നും സെക്രട്ടറി ബോധിപ്പിക്കുകയുണ്ടായി. തൊഴിൽ നികുതി കുടിശ്ശികയ്ക്ക് 24% പലിശയുൾപ്പെടെ കോർപ്പറേഷന് ലഭിക്കേണ്ടതുണ്ടെന്നും പിഴ പലിശ തന്നെ ആറു ലക്ഷത്തോളം രൂപ വരുമെന്നും ഇത് ഒഴിവാക്കിത്തരാൻ മാനേജ്മെന്റ് മേയറോട് അഭ്യർത്ഥിച്ചിരിക്കുക യാണെന്നും എന്നാൽ സർക്കാരിൽ നിന്നുള്ള പ്രത്യേകാനുമതി ഉണ്ടെങ്കിൽ മാത്രമേ ഇങ്ങനെ ഇളവ് ചെയ്യാൻ കഴിയൂ എന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. പൂട്ടിപ്പോയതും ഷിഫ്റ്റ് ചെയ്തതുമായ സ്ഥാപനങ്ങളിൽ നിന്ന് എങ്ങനെയാണ് തൊഴിൽ നികുതി

ഈടാക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് തൊഴിൽ നികുതി നൽകേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് എല്ലാ അർദ്ധവർഷവും നഗരസഭാ ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ടുകൾ പ്രകാരം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാറുണ്ടെന്നും തൊഴിൽ നികുതി നൽകേണ്ട ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കി വകുപ്പ് മേധാവികൾക്ക് അയച്ചു കൊടുക്കുമെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

6. കെട്ടിട നികുതിയുടെ കാര്യത്തിൽ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയത് പണിയുകയോ സ്ഥലം മാറുകയോ ചെയ്യുമ്പോൾ ഉടമസ്ഥരിൽ നിന്നുള്ള അപേക്ഷയുടെ അടിസ്ഥാനത്തിലാണോ നികുതി ഒഴിവാക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് ബിൽ കളക്ടർമാരുടെ പക്കൽ കെട്ടിടങ്ങളുടെ ലിസ്റ്റുണ്ടെന്നും ആറുമാസത്തിലൊരിക്കൽ അവർ പരിശോധിക്കുമെന്നും അപ്പോൾ ഒഴിവാക്കേണ്ട കെട്ടിടങ്ങളുണ്ടെങ്കിൽ കണ്ടുപിടിക്കാൻ കഴിയുമെന്നും കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. കെട്ടിട നികുതി, തൊഴിൽ നികുതിയിനങ്ങളിൽ പിരിച്ചെടുക്കാനുള്ള തുക ഭാവിയിൽ കൃത്യമായി കണക്കാക്കി പിരിച്ചെടുക്കുന്നതാണെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകുകയുണ്ടായി.

7. 1994-95-ൽ ബങ്കുകളിൽ നിന്നും കടമുറികളിൽ നിന്നും വാടക ഈടാക്കാത്തതുമൂലം 2,93,532 രൂപ നഷ്ടപ്പെടുവാനുണ്ടായ കാരണവും 17-11-2004-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരായുകയുണ്ടായി. 2000-ന് മുമ്പുള്ള കൗൺസിൽ അധികാരത്തിൽ വന്നപ്പോൾ കൊല്ലം പട്ടണത്തിന്റെ വിവിധ പ്രദേശങ്ങളിൽ ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയെന്നും എന്നാൽ കൗൺസിലിൽ പ്രസ്തുത സ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിക്കുന്നതിന് മുമ്പ് തന്നെ പല സ്ഥലത്തും ബങ്കുകൾ സ്ഥാപിച്ചു കഴിഞ്ഞിരുന്നുവെന്നും പ്രസ്തുത ലിസ്റ്റിലുള്ള ബങ്കുകൾക്ക് അംഗീകാരം നൽകുന്നതിനും വാടക നിശ്ചയിക്കുന്നതിനുമുള്ള പ്രൊപ്പോസൽ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ കൗൺസിൽ അത് സ്വീകരിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട കക്ഷികൾ ബങ്കുകൾ മാറ്റുന്നതിന് സമ്മതിക്കുന്നില്ലെന്നും ഇപ്പോഴും പഴയ രീതിയിൽ തുടരുകയാണെന്നും ഇങ്ങനെയുള്ള 112 ബങ്കുകളുണ്ടെന്നും ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തീരുമാനമൊന്നും എടുത്തിട്ടില്ലെന്നും നഗര കാര്യ ഡയറക്ടർ സമിതി മുമ്പാകെ വിശദീകരണം നൽകി.

8. കൗൺസിൽ നിശ്ചയിച്ച നിരക്കനുസരിച്ച് രണ്ടുവർഷത്തെ മുൻകാല പ്രാബല്യത്തോടുകൂടി ലൈസൻസ് ഫീസ് പുതുക്കിയെന്നും പുതുക്കിയ നിരക്ക് നടപ്പാക്കുന്നതിനായി നോട്ടീസ് നൽകിയെന്നും എന്നാൽ മുൻകാല പ്രാബല്യത്തോടുകൂടിയുള്ള നിരക്ക് നൽകുന്നതിന് ബങ്കുടമകൾ തയ്യാറാകുന്നില്ലെന്നും ആഡിറ്റ് പരാമർശപ്രകാരമുള്ള കുടിശ്ശിക തുക പിന്നീട് ലഭിച്ചിട്ടുണ്ടെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ പി.എ. സമിതിയെ ധരിപ്പിക്കുകയുണ്ടായി.

8. ചന്തവരവിലെ കുറവിന്റെ കാരണം അന്വേഷിച്ച സമിതിക്ക്, ചന്തപിരിവ് അവകാശം വർഷാവർഷം ലേലം ചെയ്താണ് കൊടുക്കുന്നതെന്നും ഓരോ വർഷത്തെയും ലേല തുകയിൽ വ്യത്യാസം വരുമെന്നും കൊല്ലം കോർപ്പറേഷനിൽ ചന്തലേലം, കൗൺസിൽ തന്നെയാണ് നടത്തുന്നതെന്നും സ്വീകാര്യമായത് അവിടെ വച്ചുതന്നെ സ്ഥിരപ്പെടുത്തുകയാണന്നും ചില സ്ഥലങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി

ലേലം ചെയ്യുന്നുണ്ടെന്നും നഗരകാര്യ ജോയിന്റ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു. ലേല തുകയിൽ കുറവ് വന്നാൽ രണ്ടാമതും ലേലം ചെയ്യുകയാണ് പതിവെന്നും അങ്ങനെ ചെയ്തിട്ടും ലേല തുക വർദ്ധിക്കുന്നില്ലെങ്കിൽ ലേലം അംഗീകരിക്കുകയാണ് ചെയ്യുന്നതെന്നും എല്ലാ റെക്കോർഡുകളിലും രേഖപ്പെടുത്തി യതിന് ശേഷം മാത്രമേ ലേലം അന്തിമമാക്കുകയുള്ളുവെന്നും കോർപ്പറേഷൻ സെക്രട്ടറിയും തെളിവ് നൽകി.

10. ചന്തവരവ്, ബസ് സ്റ്റാൻഡ് ഫീസ് പിരിവ് എന്നിവ പൂർണ്ണമായി നടന്നിട്ടുണ്ടെന്നും പരാമർശിക്കപ്പെട്ടിട്ടുള്ള 2,93,532 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കിയിട്ടുണ്ടെന്നും സമിതിക്ക് മറുപടി നൽകിയിട്ടുള്ളതിനാൽ ഇതു സംബന്ധമായ രേഖകൾ ആഡിറ്റിന് നൽകിയിട്ടുണ്ടോയെന്ന സമിതിയുടെ അന്വേഷണത്തിന്, കുടിശ്ശിക തുക തുടർന്നുള്ള വർഷങ്ങളിലാണ് ഈടാക്കുന്നതെന്നും അങ്ങനെയുള്ള കളക്ഷൻ വരുമാനമായി രേഖപ്പെടുത്തുമ്പോൾ ഇനം തിരിച്ചുള്ള കണക്ക് നൽകാറില്ലെന്നും കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

11. ആഡിറ്റുകാർ ഡിമാന്റ് രജിസ്റ്റർ നോക്കിയാണ് ഡിമാന്റ് കണക്കാക്കു ന്നതെന്നതിനാൽ ആറുമാസം കൂടുമ്പോഴോ വർഷത്തിലൊരിക്കലോ ഇല്ലാത്ത സ്ഥാപനങ്ങളെ ഒഴിവാക്കിയും പുതിയവയെ ഉൾപ്പെടുത്തിയും ഡിമാന്റ് രജിസ്റ്റർ നവീകരിക്കാത്തത് (അപ്ഡേറ്റ്) കൊണ്ടല്ലേ കൃത്യമായ കണക്ക് അറിയാൻ കഴിയാതെ പോകുന്നതെന്ന് സമിതി കോർപ്പറേഷൻ അധികൃതരോട് അന്വേഷിക്കുകയുണ്ടായി. റൈറ്റ് ഓഫും അപ്ഡേറ്റിംഗും കൗൺസിൽ അംഗീകരിച്ചാൽ മാത്രമേ നടത്താൻ പാടുള്ളുവെന്നും ഇക്കാര്യം കൗൺസിൽ അംഗീകരിക്കണമെങ്കിൽ പ്രസ്തുത തുക യാതൊരു കാരണവശാലും ഇനി പിരിച്ചെടുക്കാൻ കഴിയില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ടെന്നും തുക പിരിച്ചെടുക്കുന്നതിന് വേണ്ടിയുള്ള എല്ലാ മാർഗ്ഗങ്ങളും പരാജയപ്പെട്ടു എന്ന ഘട്ടമെത്തിയാൽ മാത്രമേ ഇങ്ങനെ ചെയ്യാൻ കഴിയൂവെന്നും മാറി മാറി വരുന്ന ഉദ്യോഗസ്ഥർ പഴയ കാര്യങ്ങളിൽ ഇത്തരം ഉത്തരവാദിത്വം ഏറ്റെടുക്കാറില്ലെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

12. സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ സർക്കാരിന് നേരിട്ട് ലഭിക്കേണ്ട 3,88,959 രൂപ നഷ്ടപ്പെട്ടിട്ടുണ്ടെന്ന സമിതിയുടെ പരാമർശത്തിന് പ്രസ്തുത തുകയിൽ 1,46,420 രൂപ പിരിച്ചെടുത്തിട്ടുണ്ടെന്നും അവശേഷിക്കുന്ന തുക പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ലൈസൻസ് പുതുക്കാൻ വരുന്ന സമയത്ത് തുക പിരിച്ചെടുക്കാമെന്നും സ്റ്റാമ്പ് ഡ്യൂട്ടി 2.5 ശതമാനത്തിൽ നിന്ന് 5 ശതമാനമായി വർദ്ധിപ്പിച്ചപ്പോൾ തുക അടയ്ക്കുന്നതിന് കച്ചവടക്കാർ പൊതുവേ വിമുഖത കാണിച്ചുവെന്നും എന്നാൽ പിന്നീട് തുക അടയ്ക്കാൻ തയ്യാറായെന്നും സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

13. ആഡിറ്റുകാർ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചാണ് വിവിധയിനം നികുതി, ഫീസ് പിരിവ് സംബന്ധിച്ച കുടിശ്ശിക കണക്കാക്കുന്നത്. കാലാകാലങ്ങളിൽ ഇല്ലാത്ത സ്ഥാപനങ്ങളെ ഒഴിവാക്കിയും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയും ഡിമാന്റ് രജിസ്റ്റർ അപ്ഡേറ്റ് ചെയ്തുവെങ്കിൽ മാത്രമേ ഇത് സംബന്ധമായ വ്യക്തമായ

കണക്കുകൾ ലഭ്യമാവുകയുള്ളു. എന്നാൽ രജിസ്റ്ററുകളും കണക്കുകളും കൃത്യമായി സൂക്ഷിക്കാതിരിക്കുകയും ഓരോ വർഷത്തെയും പിരിവിനങ്ങളിൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുക പ്രത്യേകമായി കാണിക്കാതിരിക്കുകയും ചെയ്യുന്നതുമൂലം കുടിശ്ശികയിനത്തിൽ പിരിച്ച തുക എത്രയാണെന്നും നടപ്പുവർഷം പിരിക്കുന്ന തുക എത്രയാണെന്നും വേർതിരിച്ച് അറിയാൻ കഴിയാത്ത സാഹചര്യമാണുണ്ടാകുന്നതെന്ന് സമിതി വിലയിരുത്തുന്നു. ഇത് കൊല്ലം കോർപ്പറേഷൻ അക്കൗണ്ട്സ് വിഭാഗത്തിന്റെ പിടിപ്പുകേടും കാര്യക്ഷമതയില്ലായ്മയുമാണ് ചൂണ്ടിക്കാട്ടുന്നത്. ആയതിനാൽ കോർപ്പറേഷനിലെ അക്കൗണ്ട്സ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നും കോർപ്പറേഷനിലെ കെട്ടിടങ്ങളുടെയും സ്ഥാപനങ്ങളുടെയും വാർഡ് തലത്തിലുള്ള കമ്പ്യൂട്ടർവൽകൃത ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കണമെന്നും പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുമ്പോൾ തന്നെ പ്രസ്തുത ലിസ്റ്റ് നവീകരിക്കുന്നതിനും (അപ്ഡേറ്റ് ചെയ്യുന്നതിന്) പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന നികുതി, നികുതി കുടിശ്ശിക മുതലായവ സംബന്ധിച്ച വിശദാംശങ്ങൾ ഏറ്റവും വേഗത്തിൽ കണ്ടുപിടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. വസ്തുനികുതി, തൊഴിൽ നികുതി, ചന്തവരവ്, ബസ്സ് സ്റ്റാന്റ് ഫീസ് പിരിവ് വസ്തുക്കളിൽ നിന്നും കെട്ടിടങ്ങളിൽ നിന്നുമുള്ള വരവ് എന്നീയിനങ്ങളിൽ നാളിതുവരെയുള്ള കുടിശ്ശിക തുക എത്രയാണെന്ന് കണ്ടെത്തി കാലതാമസം കൂടാതെ അവ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും ഇങ്ങനെ പിരിച്ചെടുത്ത തുക സംബന്ധിച്ച വിശദാംശങ്ങൾ സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### ടാർ മിക്സിംഗ് പ്ലാന്റ് സ്ഥാപിക്കാൻ ആറേമുക്കാൽ ലക്ഷം രൂപ ചെലവാക്കിയത് പാഴായി

മെസേഴ്സ് സ്പീഡ് ക്രാഫ്റ്റ് കമ്പനി, പാറ്റ്ന എന്ന സ്ഥാപനത്തിൽ നിന്നും 1997-98-ൽ കൊല്ലം നഗരസഭ ആറേമുക്കാൽ ലക്ഷം രൂപ ചെലവാക്കി വാങ്ങിയ ടാർ മിക്സിങ്ങ് പ്ലാന്റ് നാളിതുവരെയും ആർക്കും ഉപകരിക്കാതെ കിടക്കുകയാണ്. ഏഴ് മീറ്റർ നീളവും ഏഴ് ടൺ ഭാരവുമുള്ള ഈ കൂറ്റൻ യന്ത്രം നഗരസഭയുടെ ആവശ്യങ്ങൾക്ക് ഉതകുന്നതായിരുന്നില്ല. വാങ്ങുന്നതിനു മുമ്പ് പ്ലാന്റിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല. പ്ലാന്റ് കമ്മീഷൻ ചെയ്യാനായി രണ്ടു പ്രാവശ്യം കമ്പനിയിൽ നിന്നും ആൾക്കാർ വന്നെങ്കിലും പ്ലാന്റിന്റെ താക്കോലും സ്റ്റാർട്ടിംഗ് സിസ്റ്റവും ഇല്ലാതെ സപ്ലൈ ചെയ്ത ഉപകരണം ലോക്കൽ മാർക്കറ്റിൽ നിന്നും വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചാണു പ്രവർത്തിപ്പിച്ചു നോക്കിയത്. യന്ത്രത്തിനു തകരാറുകൾ അവശേഷിച്ചിട്ടും എഗ്രിമെന്റുകൾ പ്രകാരം കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് വീഴ്ച വരുത്തിയത് എടുത്തു പറയേണ്ട കാര്യമാണ്.

ടാർ മിക്സിങ്ങ് യന്ത്രത്തിന്റെ പ്രയോജനം വിലയിരുത്താതെയും സാങ്കേതിക മേന്മ ഉറപ്പുവരുത്താതെയും നഗരസഭ ഇത്തരത്തിൽ ഒരു ഭീമൻ പ്ലാന്റ് വാങ്ങുന്നതിനുണ്ടായ സാഹചര്യം പരിശോധിപ്പിക്കപ്പെടേണ്ടതാണ്.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക 5.4 (എ)].

ആഡിറ്റ് ഖണ്ഡികയിന്മേൽ കോർപ്പറേഷന്റെ മറുപടി

14. "കൊല്ലം നഗരസഭയിൽ 1997–1988 സാമ്പത്തിക വർഷം ജനകീയാസൂത്രണ ത്തിലുൾപ്പെടുത്തി മുനിസിപ്പൽതല എക്സ്പെർട്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മെ:സ്പീഡ് ക്രാഫ്റ്റ് എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതും 6.75 ലക്ഷം രൂപ കമ്പനിക്ക് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടി പ്ലാന്റ് ഉപയോഗിക്കുന്നതിന് കോർപ്പറേഷനിൽ പ്രത്യേകിച്ച് പ്ലാന്റ് ഓപ്പറേറ്റർ നിലവിൽ ഇല്ലാതിരുന്നതിനാൽ കമ്പനിയുടെ ഓപ്പറേറ്ററുടെ സാന്നിദ്ധ്യത്തിൽ ഗാരന്റി പിരീഡിനുള്ളിൽ പ്രവർത്തിപ്പിച്ചിട്ടുള്ളതും, കുരീപ്പുഴ, പുന്നത്തല, മുണ്ടയ്ക്കൽ മുതലായ ഡിവിഷനിലെ 4 റോഡു വർക്കുകൾക്ക് ടി പ്ലാന്റ് ഉപയോഗിച്ചു തൃപ്തികരമായി പ്രവർത്തിപ്പിച്ച് വർക്ക് പൂർത്തീകരിക്കുകയുണ്ടായി. എന്നാൽ കമ്പനി ഓപ്പറേറ്ററുടെ അഭാവംമൂലവും വീതി കുറഞ്ഞ റോഡുകളിൽ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുംമൂലം കരാറുകാർ പ്ലാന്റ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് വിസമ്മതം പ്രകടിപ്പിക്കുകയും അതിന്റെ പശ്ചാത്തലത്തിൽ പ്ലാന്റ് പ്രവർത്തനരഹിതമായി കഴിഞ്ഞ നാലുവർഷമായി ഓഫീസ് കോമ്പൗണ്ടിൽ സൂക്ഷിക്കുന്നതിനോ ടി പ്ലാന്റ് റിപ്പയർ ചെയ്തു വാടകയ്ക്ക് നൽകുകയോ ലേലം ചെയ്തു നൽകുന്നതിനോ തീരുമാനിക്കുന്നതിലേക്ക് വിഷയം കൗൺസിലിന്റെ പരിഗണനയ്ക്കു സമർപ്പിച്ചിരിക്കുകയാണ്" (അനുബന്ധം II-ലെ കത്ത് പ്രകാരം ലഭിച്ചത്).

15. ടാർ മിക്സിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 6.75 ലക്ഷം രൂപയുടെ പാഴ്ചെലവ് നടത്തിയതിന്റെ കാരണം സംബന്ധിച്ച് 17-11-2004-ലെ തെളിവെടുപ്പ് വേളയിൽ സമിതി കോർപ്പറേഷൻ ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയുണ്ടായി. ടാർ മിക്സിംഗ് പ്ലാന്റ് വാങ്ങുന്നത് സംബന്ധിച്ച് അന്നത്തെ മുനിസിപ്പൽ എഞ്ചിനീയർ ഫയലിൽ എന്ത് അഭിപ്രായമാണ് രേഖപ്പെടുത്തിയതെന്ന ചോദ്യത്തിന് എം.എൽ.ഇ.സി.യുടെ ശുപാർശ പ്രകാരമാണ് ടാർ മിക്സിംഗ് പ്ലാന്റ് വാങ്ങിയതെന്ന് ഇപ്പോഴത്തെ കൊല്ലം കോർപ്പറേഷൻ എഞ്ചിനീയർ മറുപടി നൽകി അങ്ങനെയെങ്കിൽ ഫയലിൽ രേഖപ്പെടുത്തിയ എം.എൽ.ഇ.സി. തീരുമാനമെന്തെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടപ്പോൾ എം. എൽ. ഇ. സി. തീരുമാനം ഫയലിൽ ഇല്ലെന്നാണ് കോർപ്പറേഷൻ എഞ്ചിനീയർ നൽകിയ മറുപടി. മുനിസിപ്പൽ ചെയർമാനും മുനിസിപ്പൽ എഞ്ചിനീയറും പി.ഡബ്ല്യിയൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുമടങ്ങുന്ന ഒരു കമ്മിറ്റി വിളിച്ചു കൂട്ടിയതായിട്ടാണ് ഫയലിൽ കാണുന്നതെന്നും ടെണ്ടർ ക്ഷണിച്ചതിനുശേഷം നെഗോസിയേഷൻ വിളിച്ചപ്പോൾ ബന്ധപ്പെട്ട കമ്പനിക്കാർ വന്നില്ലെന്നുമാണ് കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചത്.

16. കോർപ്പറേഷൻ വാങ്ങാനുദ്ദേശിച്ച ടാർ മിക്സിംഗ് പ്ലാന്റിന്റെ എഞ്ചിന്റെ മോഡൽ, കപ്പാസിറ്റി, പ്ലാന്റിൽ നിന്നും മണിക്കൂറിൽ ലഭ്യമാകുന്ന മിക്സിന്റെ അളവ്, മിക്സിന്റെ താപനില, ബർണറിന്റെ ടൈപ്പ്, ഇന്ധനക്ഷമത എന്നീ കാര്യങ്ങൾ ക്വട്ടേഷനിൽ വ്യക്തമാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന് അക്കാര്യം അറിയില്ലെന്ന് സെക്രട്ടറി മറുപടി നൽകി. കോർപ്പറേഷനിലെ ഭൂരിപക്ഷം വരുന്ന വളരെ ചെറിയ റോഡുകളിൽ ഇത്രയും വലിയ മെഷീൻ ഉപയോഗിക്കാൻ കഴിയില്ലെന്നറിയാതെയാണോ മെഷീൻ വാങ്ങാൻ തീരുമാനമെടുത്തതെന്നും ഏറ്റവും

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ആളിനെ ഒഴിവാക്കി ഏറ്റവും കൂടിയ നിരക്ക് ക്വോട്ട് ചെയ്ത ആളിനെ തെരഞ്ഞെടുത്തതിന്റെ കാരണവും അന്വേഷിച്ചതിന് അക്കാര്യവും ഫയലിൽ വ്യക്തമല്ലെന്നാണ് കോർപ്പറേഷൻ എഞ്ചിനീയർ നൽകിയ മറുപടി.

17. ടാർമിക്സിംഗ് പ്ലാന്റ് ആകെ നാലുദിവസം മാത്രമേ ഉപയോഗിച്ചിട്ടു ള്ളുവെന്നും ഇത് റിപ്പയർ ചെയ്യുന്നതിനായി തിരുവനന്തപുരം നഗരസഭയിലെ പ്ലാന്റ് ഓപ്പറേറ്ററെ നിയോഗിച്ചുവെന്നും അതിനായി 20,000 രൂപ അഡ്വാൻസ് കൊടുത്തുവെന്നും റിപ്പയർ ചെയ്ത് ട്രയൽ റൺ നടത്തിയെങ്കിലും ഇപ്പോൾ പ്ലാന്റ് പ്രവർത്തിക്കുന്നില്ലെന്നും കോർപ്പറേഷൻ ഓഫീസ് കോംപൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിക്കു തെളിവ് നൽകി.

<u>നിഗമനങ്ങൾ/നിർദ്ദേശങ്ങൾ</u>

18. പൊതുമുതൽ യാതൊരു ഉത്തരവാദിത്തമില്ലാതെയും അനാവശ്യമായും ചെലവഴിച്ചതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കൊല്ലം കോർപ്പറേഷനിൽ ടാർ മിക്സിംഗ് പ്ലാന്റ് വാങ്ങിയ നടപടി. ഇത്തരം ഇടപാടുകളിലുണ്ടായ നടപടിക്രമങ്ങളുടെ ലംഘനത്തെയും ക്രമക്കേടുകളെയും കുറിച്ച് അന്വേഷിക്കുമ്പോൾ ഉത്തരവാദിയായ അന്നത്തെ ഉദ്യോഗസ്ഥൻ സ്ഥലം മാറിപ്പോയി അല്ലെങ്കിൽ റിട്ടയർ ചെയ്തു എന്നുള്ള മറുപടിയല്ലാതെ കാര്യങ്ങൾ വ്യക്തമായി അറിയിക്കുന്നതിനുപോലും നിലവിൽ ചുമതലയുള്ള ഉദ്യോഗസ്ഥന് കഴിയുന്നില്ല, ഇത്തരം കാര്യങ്ങൾ അറിയില്ലെന്ന മറുപടി നൽകി ഒഴിഞ്ഞു മാറുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ സ്ഥിതി വിശേഷം വളരെ ഉൽക്കണ്ഠയോടെയാണ് സമിതി വീക്ഷിക്കുന്നത്. ഏഴു ലക്ഷം രൂപയാണ് ഈ ഇടപാടിൽ കോർപ്പറേഷന് നഷ്ടമായിരിക്കുന്നത്. വിവിധ മോഡലുകളിലുള്ള പ്ലാന്റുകൾക്ക് മൂന്ന് കമ്പനികൾ വില ക്വോട്ട് ചെയ്തുവെങ്കിലും ക്വട്ടേഷനും നെഗോസിയേഷനും ശേഷം ഏറ്റവും താഴ്ന്ന നിരക്ക് ക്വോട്ട ചെയ്ത കോൺ ടി ക്യാമ്പ് എന്ന കമ്പനിയുടെ നിരക്ക് ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ നിന്ന് ഒഴിവാക്കിയ നടപടിക്ക് തൃപ്തികരമായ എന്തെങ്കിലും ന്യായീകരണമുണ്ടെന്ന് സമിതി കരുതുന്നില്ല. ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പെട്ടെന്ന് പണം ചെലവഴിക്കുക എന്ന ഉദ്ദേശത്തിലാണെങ്കിൽപ്പോലും ചട്ടങ്ങളെല്ലാം മറികടന്നുകൊണ്ടും നിലവിലുള്ള ഭൂരിഭാഗം വരുന്ന റോഡുകളിലും ഉപയോഗിക്കാൻ കഴിയാത്തതുമായ ടാർമിക്സിംഗ് പ്ലാന്റ് വാങ്ങലിന് യാതൊരു നീതീകരണവും കാണാൻ കഴിയുന്നില്ല. ഇക്കാര്യത്തിൽ അന്നത്തെ കോർപ്പറേഷൻ എഞ്ചിനീയറും സെക്രട്ടറിയും ഒരു പോലെ ഉത്തരവാദികളാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ കൊല്ലം കോർപ്പറേഷനിൽ ഇത്തരമൊരു ടാർ മിക്സിംഗ് പ്ലാന്റ് വാങ്ങിയാൽ അത് ഫലപ്രദമായി പ്രവർത്തിപ്പിക്കുവാനും ഉപയോഗക്ഷമമാക്കുവാനും കഴിയുമോയെന്ന കാര്യത്തിൽ ഒരു സാങ്കേതിക പഠനമോ വിലയിരുത്തലോ നടത്താതെ 6.75 ലക്ഷം രൂപ മുതൽ മുടക്കുകയും അത് ഒരു പാഴ്ചെലവായി മാറുന്നതിനും ഉത്തരവാദിയായ അന്നത്തെ കോർപ്പറേഷൻ എഞ്ചിനീയർ, സെക്രട്ടറി എന്നിവരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ ടാർ മിക്സിംഗ് പ്ലാന്റ് കോർപ്പറേഷൻ ഓഫീസിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന സാഹചര്യത്തിൽ അത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നും അല്ലെങ്കിൽ ഈ പ്ലാന്റ് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന മറ്റേതെങ്കിലും സ്ഥാപനത്തിന് കൈമാറുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

## കൊതുകു നിയന്ത്രണം—ജീപ്പ് വാങ്ങൽ—ലക്ഷ്യം സാധ്യമായില്ല

നഗരസഭയിൽ 1997-98 വർഷം കൊതുകു നിയന്ത്രണ പദ്ധതിയിൽപ്പെടുത്തി മരുന്നു തളിക്കുന്നതിന്, 25 പുതിയ പമ്പുകളും സ്പ്രെയറുകളും വാങ്ങുന്നതിനും ദൂരസ്ഥലങ്ങളിൽ മരുന്നു തളിക്കുന്ന ആവശ്യത്തിന് ട്രെയ്ലർ ഘടിപ്പിച്ച ജീപ്പ് വാങ്ങുന്നതിനും 13,16,250 രൂപ ഉൾക്കൊള്ളിച്ചിരുന്നു. ഇതിൽ 10,00,000 രൂപ പദ്ധതി വിഹിതവും, 1,16,250 രൂപ തനതു ഫണ്ടും 2,00,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. അതിൻപ്രകാരം 3,22,126 രൂപയ്ക്കു (1-10-1997-ലെ 131731-ാം നമ്പർ ചെക്ക്) ഒരു ജീപ്പു മഹേന്ദ്ര ആൻഡ് മഹേന്ദ്ര കമ്പനിയിൽ നിന്നും വാങ്ങുകയുണ്ടായി. ട്രെയ്ലർ ഘടിപ്പിച്ച ജീപ്പ് മഹേന്ദ്ര & മഹേന്ദ്ര എന്ന കമ്പനിയിൽ നിന്നും ലഭ്യമായിരിക്കെ ജീപ്പ് മാത്രം അവിടെ നിന്ന് വാങ്ങുകയും ട്രെയ്ലർ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങുവാൻ തീരുമാനിക്കുകയും ചെയ്തു. അതിനായി 22-6-1998-ലെ 628253-ാം നമ്പർ ചെക്കു പ്രകാരം 34,680 രൂപ കോർപ്പറേഷനു നൽകി. എന്നാൽ അവർ പവർ ടില്ലറിൽ ഘടിപ്പിക്കുന്ന വേഗത കുറഞ്ഞ ട്രെയ്ലറാണ് നിർമ്മിക്കുന്നതെന്നും ജീപ്പിനു ഘടിപ്പിക്കുന്ന ട്രെയ്ലറിന് 14,629 രൂപ അധികം നൽകണമെന്നും അറിയിച്ചു. എന്നാൽ നാളിതുവരെ പ്രസ്തുത തുക നൽകുകയോ ട്രെയ്ലർ വാങ്ങുകയോ ചെയ്തിട്ടില്ല. 48,555 രൂപയ്ക്ക് (16-2-1998-ലെ 535510-ാം നമ്പർ ചെക്ക് പ്രകാരം) സ്പ്രെയറുകൾ വാങ്ങിയിട്ടുണ്ട്. ജീപ്പ് ഇക്കാര്യത്തിന് ഉപയോഗിക്കുകയും ചെയ്തിട്ടില്ല.എങ്കിലും ജീപ്പ് മറ്റാവശ്യങ്ങൾക്കായി ഇതിനകം 32,000 കി.മീ. ഓടിക്കഴിഞ്ഞു. അതിനാൽ, ജീപ്പിനും ട്രെയിലറിനും വേണ്ടി മൊത്തം 4,05,361 രൂപ ചെലവായെങ്കിലും കൊതുക് നിയന്ത്രണം എന്ന ഉദ്ദേശ്യം നടപ്പിലാക്കാൻ സാധിച്ചില്ല.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക 5.4 (ബി)].

## ആഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം കോർപ്പറേഷന്റെ മറുപടി

19. "കൊല്ലം കോർപ്പറേഷൻ പരിധിക്കകത്തെ കൊതുകു നിവാരണ പ്രവർത്തനങ്ങൾ കൊല്ലം കോർപ്പറേഷനും നാഷണൽ ഫീലേറിയ കൺട്രോൾ യൂണിറ്റും സംയുക്തമായാണ് നിർവ്വഹിച്ചു വരുന്നത്. ഇതിൽ പടിഞ്ഞാറൻ മേഖലയിലെ 17 വാർഡുകളിലെ കൊതുകു നിവാരണ പ്രവർത്തനം കോർപ്പറേഷനും ബാക്കി എൻ.എഫ്.സി. യൂണിറ്റുമാണ് നടത്തുന്നത്. കൊതുകു നിവാരണ പ്രവർത്തനങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ അപര്യാപ്തതമൂലം ഡേ ബ്ലോക്കുകളായി തിരിച്ച് ടി പ്രദേശങ്ങളിൽ ആഴ്ചയിൽ ഒരു ദിവസം എന്ന ക്രമത്തിൽ കൊതുകുനിവാരണ പ്രവർത്തനങ്ങൾ നടത്തിവരികയായിരുന്നു പതിവ്. എന്നാൽ ഡെങ്കിപ്പനി പടർന്നു പിടിച്ച സാഹചര്യത്തിൽ 2003 ജൂലൈ മുതൽ കൊതുകു നിവാരണ പ്രവർത്തനങ്ങളുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് കോർപ്പറേഷൻ കൂടുതൽ തൊഴിലാളികളെ നിയോഗിച്ച് കോർപ്പറേഷന്റെ 50 ഡിവിഷനുകളിലും ഡോർ ടു ഡോർ സ്പ്രേയിംഗ്, ഫോഗിംഗ്, കൊതുകുവല കെട്ടൽ തുടങ്ങി ഊർജ്ജിത പ്രവർത്തികൾ നടത്തി വരുന്നു. കൊതുകു നിവാരണ പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായിട്ടാണ് കെ.എൽ.2.എഫ്

5277 നമ്പർ ജീപ്പ് ഉപയോഗിച്ചിട്ടുള്ളത്. ടി വാഹനം കൂടാതെ നഗരസഭവക മറ്റ് വാഹനങ്ങളും ടി പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടിവന്നിട്ടുണ്ട്. ലഭ്യമായ ഭൗതിക സാഹചര്യങ്ങൾ ഉപയോഗിച്ച് നഗരസഭ പ്രദേശത്ത് കാര്യക്ഷമമായും ഫലപ്രദമായും കൊതുകു നിവാരണ പ്രവർത്തനങ്ങൾ നടത്തി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നതിൽ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്".

[അനുബന്ധം II-ലെ കത്ത് പ്രകാരം ലഭിച്ചത്]

20. ട്രെയിലർ ഘടിപ്പിച്ച ജീപ്പ് മഹീന്ദ്ര & മഹീന്ദ്ര കമ്പനിയിൽ ലഭ്യമായിരിക്കേ ജീപ്പ് മാത്രം മഹീന്ദ്രാ കമ്പനിയിൽ നിന്നും ട്രെയിലർ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയതെന്തുകൊണ്ടാണെന്ന് 17-11-2004-ലെ തെളിവെടുപ്പ് വേളയിൽ സമിതി കൊല്ലം കോർപ്പറേഷൻ അധികൃതരോട് ആരായുകയുണ്ടായി.

21. ട്രെയിലർ മഹീന്ദ്ര ആന്റ് മഹീന്ദ്ര കമ്പനിയിൽ ലഭ്യമായിരുന്നുവെന്നും എന്നാൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഒരു സർക്കാർ സ്ഥാപനമായ തിനാൽ ആഡിറ്റ് തടസ്സം ഉണ്ടാകില്ലെന്നുള്ളതുകൊണ്ടും കൊല്ലം കോർപ്പറേഷന്റെ ട്രാക്ടറുകളും ട്രെയിലറുകളും റിപ്പയർ ചെയ്യുന്നത് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ ആണെന്നുള്ളതുകൊണ്ടുമായിരിക്കാം അവരിൽ നിന്ന് ട്രെയിലർ വാങ്ങിയതെന്നാണ് കരുതുന്നതെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. കൊതുക് നിയന്ത്രണ പരിപാടിക്ക് ഉപയോഗിച്ചതിന് പുറമേ പ്ലാനിംഗ് സെല്ലിന്റെ ഉപയോഗത്തിനായും ഈ ജീപ്പ് ഉപയോഗിച്ചിട്ടുണ്ടാകുമെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

22. പവർ ട്രില്ലറിൽ ഘടിപ്പിക്കുന്ന വേഗത കുറഞ്ഞ ട്രെയിലറാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നിർമ്മിക്കുന്നതെന്നും അതിനാൽ ജീപ്പിൽ ഘടിപ്പിക്കുന്ന ട്രെയിലറിന് 14,629 രൂപ അധികം നൽകണമെന്ന് അവർ അറിയിച്ചിട്ടും വേഗത കുറഞ്ഞ ട്രെയിലർ തന്നെ വാങ്ങുകയും ഇത്തരം ട്രെയിലർ ഘടിപ്പിക്കാൻ കഴിയാത്തതിനാൽ ജീപ്പിന്റെ ഫൗണ്ടേഷൻ ഇതിന് വേണ്ടി സജ്ജമാക്കുന്നതിനായി അധിക തുക നൽകേണ്ടിയും വന്നു. മഹീന്ദ്ര ആന്റ് മഹീന്ദ്ര കമ്പനിയിൽ നിന്നു തന്നെ ജീപ്പും ട്രെയിലറും വാങ്ങിയിരുന്നുവെങ്കിൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങിയ സ്ലോ സ്പീഡ് ട്രെയിലർ ഘടിപ്പിക്കുന്നതിന് ജീപ്പിന്റെ ഫൗണ്ടേഷൻ സജ്ജമാക്കുന്നതിനായി വേണ്ടിവന്ന അധിക ചെലവും ഒഴിവാക്കാമായിരുന്നു. ഇത്രയുമെല്ലാം ചെയ്തിട്ടും ജീപ്പും ട്രെയിലറും ഉപയോഗിച്ച് കൊതുക് നിയന്ത്രണം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിഞ്ഞതുമില്ല. പകരം ജീപ്പ് പ്ലാനിംഗ് സെല്ലിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. പദ്ധതി രൂപീകരണത്തിലെ ആസൂത്രണമില്ലായ്മയും കൊതുക് നിയന്ത്രണത്തിനെന്ന പേരിൽ പ്രോജക്ടുണ്ടാക്കി ജീപ്പും ട്രെയിലറും കൂടി വാങ്ങിയിട്ട് ട്രെയിലർ ഉപയോഗിക്കാതെ ജീപ്പ് മാത്രം പ്ലാനിംഗ് സെല്ലിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്ന് മുൻകൂട്ടി കണ്ടുകൊണ്ടാണോ ഇത്തരത്തിലൊരു പ്രോജക്ടിന് രൂപം നൽകിയതെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. പ്രോജക്ടുകളുടെ

രൂപീകരണത്തിൽ ഇത്തരം പാളിച്ചകൾ ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും കൊല്ലം കോർപ്പറേഷനിലെ കൊതുക് നിവാരണ പ്രവർത്തനങ്ങൾക്കായി 4,05,361 രൂപ ചെലവ് ചെയ്ത് വാങ്ങിയിട്ടുള്ള ജീപ്പും ട്രെയിലറും സ്പ്രെയറുകളും കൊതുകു നിവാരണ പ്രവർത്തനങ്ങൾക്ക് തന്നെ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

കേന്ദ്ര ധനസഹായം ലഭിച്ചിട്ടുള്ള ഐ. ഡി. എസ്. എം. റ്റി. പദ്ധതികൾ നടപ്പിലാക്കാത്തത് സംബന്ധിച്ച്.

കൊല്ലം നഗരസഭ തയ്യാറാക്കി സമർപ്പിച്ച 376.60 ലക്ഷം രൂപ അടങ്കലുള്ള രണ്ട് ഐ. ഡി. എസ്. എം. റ്റി. പദ്ധതികൾ കേന്ദ്ര അർബൻ ഡവലപ്മെന്റ് മന്ത്രാലയം അംഗീകരിക്കുകയും അതനുസരിച്ച് കേന്ദ്രവിഹിതമായി വായ്പയും സംസ്ഥാന വിഹിതമായി ഗ്രാന്റും ലഭിക്കുകയും ചെയ്തു.

ഡി. എസ്സ്. പി. ഓഫീസ് ജംഗ്ഷൻ മുതൽ പൊതുമരാമത്ത് വകുപ്പ് ഓഫീസ് ജംഗ്ഷൻ വരെയുള്ള ഫ്ളൈ ഓവർ നിർമ്മാണത്തിന് 145 ലക്ഷം രൂപയും, റെയിൽവേ സ്റ്റേഷന് സമീപം ബസ്സ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിന് 231.60 ലക്ഷം രൂപയുമാണ് അടങ്കൽ തുക. കേന്ദ്രവായ്പയും സംസ്ഥാന വിഹിതമായ ഗ്രാന്റും 60:40 എന്ന അനുപാതത്തിലാണ് അനുവദിച്ചു നൽകുന്നത്. ഈ അനുപാതത്തിൽ 1993-94, 1994-95, 1997-98 കാലഘട്ടങ്ങളിലായി കേന്ദ്രവിഹിത വായ്പയായി 1,10,00,000 രൂപയും സംസ്ഥാന വിഹിതഗ്രാന്റായി 73,33,600 രൂപയുമായി ആകെ 1,83,33,600 രൂപ അനുവദിച്ചു.

ഇതിൽ ആദ്യ പദ്ധതിയായ ഫ്ളൈ ഓവർ നിർമ്മാണം, കൊല്ലം ഡവലപ്മെന്റ് അതോറിട്ടിയാണ് നടപ്പിലാക്കേണ്ടിയിരുന്നത്. അതിനുവേണ്ടി 1993-94-ൽ അനുവദിച്ച വായ്പയുടെയും ഗ്രാന്റിന്റെയും 50% തുകയായ 29,16,650 രൂപ നിർദ്ദേശാനുസരണം 14-9-94-ൽ ഡവലപ്മെന്റ് അതോറിറ്റിക്ക് കൈമാറ്റം ചെയ്തു. എന്നാൽ ഡവലപ്മെന്റ് അതോറിറ്റി ഈ പ്രവൃത്തി പൂർത്തീകരിക്കാതെ പ്രാഥമിക ജോലികൾ മാത്രം നിർവഹിച്ച് പിൻമാറുകയാണ് ചെയ്തത്. 3-2-1996-ൽ തദ്ദേശ സ്വയംഭരണ സെക്രട്ടറിയുമായി നടത്തിയ ചർച്ചയിൽ ഡവലപ്മെന്റ് അതോറിറ്റി ജോലി മുന്നോട്ടു കൊണ്ടുപോകാനുള്ള ബുദ്ധിമുട്ടുകൾ അറിയിക്കുകയും ചെലവു ചെയ്യാൻ ബാക്കി നിൽക്കുന്ന 23,75,948 രൂപ നഗരസഭാ ഫണ്ടിലേക്ക് തിരിച്ചടയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ തുക ബസ്സ് ടെർമിനലും ഷോപ്പിംഗ് കോംപ്ലെക്സും പദ്ധതിയിൽപ്പെടുത്തി ഭൂമി വാങ്ങുന്നതിന് വിനിയോഗിക്കാൻ തീരുമാനമുണ്ടായതായി കാണുന്നു.

കേന്ദ്ര അർബൻ ഡവലപ്മെന്റ് മന്ത്രാലയം അംഗീകരിച്ച ആദ്യ പദ്ധതി ഉപേക്ഷിച്ചതിനും അതിന്റെ തുക രണ്ടാമത്തെ പദ്ധതിക്ക് വകമാറ്റിയതിനും മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഡവലപ്മെന്റ് അതോറിറ്റി പ്രാഥമിക ജോലികൾക്കായി ചെലവുചെയ്ത 5,40,702 രൂപയുടെ വിശദവിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രാരംഭ പ്രവർത്തനങ്ങൾ മാത്രം നടത്തി 5,40,702 രൂപ നഷ്ടപ്പെടുത്തിയതിനു പുറമേ കേന്ദ്ര സർക്കാർ വായ്പയ്ക്ക് 12% നിരക്കിൽ പലിശ ഒടുക്കിയ വകയിലും ഡവലപ്മെന്റ് അതോറിറ്റിക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട ജോലിയുടെ വ്യാപ്തിയെക്കുറിച്ചും അതിനു സ്ഥാപനത്തിനുള്ള സംവിധാനത്തെക്കുറിച്ചും വ്യക്തമായ ധാരണയുണ്ടായിരുന്നു എങ്കിൽ ഇത്തരത്തിലുള്ള സാമ്പത്തിക ദുർവിനിയോഗവും നഷ്ടവും ഒഴിവാക്കാമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മുനിസിപ്പാലിറ്റിയിൽ നിന്നും ലഭ്യമായ തുകയുടെ നിക്ഷേപയിനത്തിൽ ഡവലപ്മെന്റ് അതോറിറ്റിക്ക് ഉണ്ടായിട്ടുള്ള വരുമാനം, വായ്പാ പലിശയിനത്തിൽ അടച്ചിട്ടുള്ള തുക എന്നിവയുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

റയിൽവേസ്റ്റേഷനു സമീപം ബസ്സ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുക എന്ന പ്രവൃത്തി നടപ്പിലാക്കാൻ റെയിൽവേയുടെ ക്വാർട്ടേഴ്സ് നില നിൽക്കുന്ന 3.77 ഏക്കർ സ്ഥലം കൈമാറുന്നതിനും റവന്യൂ വകുപ്പുവഴി അനുയോജ്യമായ സ്ഥലം റയിൽവേക്ക് പൊന്നും വിലയ്ക്ക് നൽകുന്നതിനും ധാരണ ഉണ്ടായിരുന്നു. റയിൽവേക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് 70% താൽക്കാലിക മുൻകൂർ നൽകുന്നതിനും സമ്മതിച്ചതായി കാണുന്നു. ഈ വിഷയത്തിൽ റയിൽവേയുമായി നഗരസഭ കരാർ വച്ചതായി കാണുന്നില്ല.

എന്നാൽ ക്വാർട്ടേഴ്സ് നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനു മുമ്പ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിനായി നഗരസഭ റയിൽവേയ്ക്ക് താൽക്കാലികമായി 46,44,000 രൂപ നൽകിയിട്ടുണ്ട്. ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്നതിനുമുമ്പ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനുള്ള തുക മുൻകൂർ നൽകിയത് ശരിയായ നടപടിയല്ല.

പൊന്നുംവിലയ്ക്ക് റെയിൽവേക്ക് കൈമാറാൻ തീരുമാനിച്ച നടപടിയ്ക്കെതിരെ വസ്തു ഉടമകൾ 1991 മുതൽ കേസ് നടത്തുകയായിരുന്നു. ആഡിറ്റ് സമയംവരെ നിർദ്ദിഷ്ട ഭൂമി പൊന്നുംവിലയ്ക്ക് എടുത്ത് റെയിൽവേക്ക് കൈമാറിയിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലുകൾ അപൂർണ്ണമായതിനാൽ പൊന്നുംവില നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ ഒന്നും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

സമയപരിധിക്കുള്ളിൽ നിർദ്ദിഷ്ട സ്ഥലം കൈമാറാത്ത സാഹചര്യത്തിൽ റെയിൽവേ ഈ പദ്ധതി ഉപേക്ഷിക്കുന്നതായി നഗരസഭ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ റെയിൽവേക്ക് മുൻകൂറായി നൽകിയ 46,44,000 രൂപ പലിശയുൾപ്പെടെ തിരികെ വാങ്ങാൻ ഉടനടി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇനി ഏതെങ്കിലും സാഹചര്യത്തിൽ റയിൽവേ നിർദ്ദിഷ്ട പദ്ധതിയുമായി സഹകരിച്ച് മുന്നോട്ടു വന്നാൽ തന്നെ കേന്ദ്രസർക്കാരിൽ നിന്നും വായ്പാ സഹായം ലഭിയ്ക്കും എന്നതിന് ഉറപ്പില്ല.

1998-99-നു ശേഷം ഈ പദ്ധതിക്ക് കേന്ദ്ര സഹായമൊന്നും അനുവദിക്കുന്നതല്ല എന്ന വിവരം കേന്ദ്ര അർബൻ ഡവലപ്മെന്റ് മന്ത്രാലയത്തിലെ ചീഫ് ടൗൺ പ്ലാനറുടെ 4-9-1997-ലെ സി.ഒ.44-4/97/എസ്.എം.റ്റി./റ്റി.സി.പി.ഒ.നം. കത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനർ തിരുവനന്തപുരം മുനിസിപ്പൽ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട് (സി2/6391/97/നം.തീയതി 25-10-1997).

കേന്ദ്ര സർക്കാർ വായ്പയ്ക്ക് പലിശ ഒടുക്കിയ വകയിൽ നഗരസഭയ്ക്ക് 1999–2000–ൽ മാത്രം 19,20,036 രൂപയും 1995–96 മുതൽ 1999–2000 വരെ മൊത്തത്തിൽ 50,73,390 രൂപയും ചെലവായിട്ടുണ്ട്. വായ്പയായി എടുത്ത തുകയ്ക്ക് ഇത്രയും പലിശ നഗരസഭ നൽകുമ്പോൾ ലഭിച്ച തുക പലിശ ഇല്ലാത്ത അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്.

1994–95 വർഷം നടപ്പിലാക്കേണ്ടിയിരുന്നതും എന്നാൽ ബന്ധപ്പെട്ട എല്ലാ മേഖലകളിൽ നിന്നും ഉപേക്ഷിക്കുന്നതായി അറിയിപ്പുണ്ടായതുമായ ഒരു പദ്ധതിക്ക് എടുത്ത വായ്പയുടെ പലിശയിനത്തിൽ ഭീമമായ തുക നഗരസഭ ചെലവഴിക്കുന്നതു സാമ്പത്തിക അച്ചടക്കമില്ലായ്മയുടെയും ദുർഭരണത്തിന്റെയും മകുടോദഹരണമാണ്. ഇതിനു അവസാനം കണ്ടെത്താൻ കൗൺസിൽ അടിയന്തിര പ്രാധാന്യത്തോടെ ശ്രമിക്കണം എന്ന് ആഡിറ്റിൽ നിർദ്ദേശിക്കുന്നു.

നഗരസഭയ്ക്ക് ആകെ അനുവദിച്ച കിട്ടിയ 1,83,33,600 രൂപയിൽ കൊല്ലം ഡെവലപ്മെന്റ് അതോറിറ്റിക്കും റെയിൽവേക്കും നൽകിയ തുകകൾ കുറച്ച് 1,31,48,898 രൂപ നീക്കിയിരുപ്പായി അവശേഷിക്കേണ്ടതാണ്. എന്നാൽ നഗരസഭ ഐ.ഡി.എസ്.എം.റ്റി. പദ്ധതിക്കായി മാത്രം ട്രഷറിയിൽ ആരംഭിച്ച റ്റി. പി. എ. 2064–അക്കൗണ്ട് നമ്പരിൽ 1,31,48,598 രൂപ നീക്കിയിരുപ്പ് എന്നാണ് കാണുന്നത്. നീക്കിയിരുപ്പ് തുകയിലെ ഈ വ്യത്യാസത്തിന്റെ കാരണം കൂടി വ്യക്തമാക്കേണ്ടതാണ്.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000–01, ഖണ്ഡിക 5.1 (എ)]

<u>ആഡിറ്റ് ഖണ്ഡികയിന്മേൽ കോർപ്പറേഷന്റെ മറുപടി</u>

23. "കൊല്ലം കോർപ്പറേഷൻ ഐ.ഡി.എസ്.എം.റ്റി. പദ്ധതി നടപ്പിലാക്കുന്നതിലേക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായ 183,33,300 രൂപയാണ് ലഭിച്ചിട്ടുള്ളത്. അടങ്കൽ തുകയായ 2,29,59,702 രൂപയിൽ വിഹിതങ്ങൾ കഴിച്ചിട്ടുള്ള തുക തനതു ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളതാണ്. പ്രസ്തുത തുക നൽകിയിട്ടുള്ളതിൽ 46,44,000 രൂപ റയിൽവേക്ക് ക്വാർട്ടേഴ്സ് നിർമ്മാണത്തിനുള്ള തുകയായാണ് നൽകിയിട്ടുള്ളത്. പൊന്നും വിലയ്ക്ക് ഭൂമി എടുക്കുന്നത് സംബന്ധിച്ച് 1991 മുതൽ കേസ് നടന്നുവരുന്നതിനാൽ ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടില്ല. ഇത് ഓൺ ഗോയിംഗ് പ്രോജക്ടായതിനാലാണ് റയിൽവേക്ക് മുൻകൂറായി നൽകിയ തുക തിരികെ വാങ്ങാനുള്ള നടപടി സ്വീകരിക്കാതിരുന്നത്.

24. ടി യിനത്തിൽ ആദ്യഗഡുവായി ലഭിക്കേണ്ടിയിരുന്ന 58,33,300 രൂപയ്ക്കു പകരം 58,33,000 രൂപയാണ് ട്രഷറിയിൽ ക്രഡിറ്റ് വന്നത്. ആയതിനാലാണ് 300 രൂപയുടെ വ്യത്യാസം കാണുന്നത്".

[അനുബന്ധം II-ലെ കത്ത് പ്രകാരം ലഭിച്ചത്].

25. കേന്ദ്ര ധനസഹായം ലഭിച്ചിരുന്ന ഐ.ഡി.എസ്.എം.റ്റി. പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിനും റെയിൽവേ വിട്ടുതരുന്ന സ്ഥലത്തിനും ക്വാർട്ടേഴ്സുകൾക്കും പകരം സ്ഥലം കണ്ടെത്തി നൽകുന്നതിന് മുമ്പ്

റെയിൽവേക്ക് 46,44,000 രൂപ നൽകുകയും ചെയ്തതിന്റെ കാരണം 17-11-2004-ലെ തെളിവെടുപ്പ് വേളയിൽ സമിതി കൊല്ലം കോർപ്പറേഷൻ അധികൃതരോട് ആരായുകയുണ്ടായി.

26. ഒറിജിനൽ പ്രോജക്ട് ഐ. ഡി. എസ്. എം. റ്റി. അംഗീകരിച്ച് ആദ്യ അലോട്ട്മെന്റ് വന്നപ്പോൾ കിട്ടിയ തുകയിൽ പകുതി കൊല്ലം മുനിസിപ്പാലിറ്റിക്കും പകുതി കൊല്ലം വികസന അതോറിറ്റിക്കും വിഭജിച്ചു നൽകുകയായിരുന്നുവെന്നും ഡി.എസ്.പി. ഓഫീസിന് മുൻവശമുള്ള ഫ്ളൈ ഓവർ പ്രോജക്ടായിരുന്നു വികസന അതോറിറ്റി വിഭാവനം ചെയ്തിരുന്നതെന്നും ആദ്യഘട്ടത്തിൽ ഏകദേശം 5 ലക്ഷത്തിൽപ്പരം രൂപ അവർ ചെലവഴിച്ചതിനുശേഷം ഗവൺമെന്റ് സെക്രട്ടറി തലത്തിലുള്ള ഉന്നതാധികാര സമിതി യോഗ തീരുമാനപ്രകാരം വികസന അതോറിറ്റിയുടെ പ്രോജക്ട് ഉപേക്ഷിക്കുകയും ബാക്കി തുക മുനിസിപ്പാലിറ്റിയെ ഏൽപ്പിക്കുകയുമാണുണ്ടായതെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ പി.എ. സമിതി മുമ്പാകെ ബോധിപ്പിച്ചു.

27. വികസന അതോറിറ്റി പണം ചെലവഴിച്ചതിന്റെ വിശദാംശങ്ങളുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അവർ സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ടെന്നും പ്രസ്തുത സ്റ്റേറ്റ്മെന്റ് സർക്കാർ രൂപീകരിച്ച ഉന്നതാധികാര സമിതി ചെലവ് അംഗീകരിച്ച് ബാക്കി തുക നഗരസഭയെ തിരിച്ച് ഏൽപ്പിക്കുകയാണുണ്ടായതെന്നും കോർപ്പറേഷൻ സെക്രട്ടറിയുടെ പി.എ. സമിതിയെ ധരിപ്പിക്കുകയുണ്ടായി.

28. ബാക്കി തുക കൊണ്ട് ബസ്സ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിന് ഇൻഡ്യാ ഗവൺമെന്റിൽ നിന്ന് അനുവാദം ലഭിച്ചിരുന്നുവോയെന്ന ചോദ്യത്തിന് അനുവാദം ലഭിച്ചിരുന്നുവെന്നും റെയിൽവേയുടെ കൈവശമായിരുന്ന 4½ ഏക്കർ സ്ഥലം കോർപ്പറേഷന് തരികയും അതിന് പകരം തുല്യ അളവിലുള്ള സ്ഥലം ഏറ്റെടുത്ത് റെയിൽവേയ്ക്ക് നൽകുകയും അവിടെ റെയിൽവേ ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള നിർമ്മാണ ചെലവിന്റെ ¾ ഭാഗം കോർപ്പറേഷൻ വഹിച്ചു കൊള്ളാമെന്നുള്ള കരാറിലാണ് പ്രോജക്ട് തുടങ്ങിയതെന്നും അത് പ്രകാരം കോർപ്പറേഷൻ പണം കെട്ടിവച്ച് ഭൂമി ഏറ്റെടുക്കൽ ആരംഭിച്ചെന്നും 1 ½ ഏക്കർ സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞെങ്കിലും വാഗ്ദാനം ചെയ്ത മുഴുവൻ സ്ഥലവും ഏറ്റെടുത്ത് കൊടുക്കാൻ കഴിയാത്തതുമൂലം റെയിൽവേ അവരുടെ സ്ഥലം കൈമാറിയിട്ടില്ലെന്നും സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിട്ടില്ലെന്നും കോർപ്പറേഷൻ സെക്രട്ടറി ബോധിപ്പിക്കുകയുണ്ടായി.

29. സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് മുമ്പായി ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 44 ലക്ഷം രൂപ മുൻകൂർ നൽകിയതെന്തിനാണെന്ന ചോദ്യത്തിന് ഒരു നിശ്ചിത ശതമാനം തുക ചെലവഴിച്ചാൽ മാത്രമേ ഐ.ഡി.എസ്.എം.റ്റി. പദ്ധതിയിൽ അടുത്ത ഇൻസ്റ്റാൾമെന്റ് ലഭിക്കുകയുള്ളുവെന്നും അതുകൊണ്ട് നിർബന്ധമായി പണം കെട്ടിവച്ച് ചെലവ് കാണിച്ചതാണെന്നും തുക ചെലവഴിക്കാൻ മറ്റു മാർഗ്ഗങ്ങളില്ലായിരുന്നുവെന്നും കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. റെയിൽവേ ഒരു അംഗീകൃത ഏജൻസിയാണെന്നതിനാലാണ് തുക കൈമാറിയതെന്നും ഈ പ്രോജക്ട് കൊണ്ടുവന്ന ചെയർമാൻ മാറിയതിന് ശേഷം പിന്നീട് വന്നവർ ഇക്കാര്യത്തിൽ വലിയ

താൽപര്യം കാണിക്കാതിരുന്നതും ഏറ്റെടുക്കേണ്ടതായ സ്ഥലത്തിന്റെ ഉടമയിൽ നിന്നുള്ള സമ്മർദ്ദവും സ്ഥലം ഏറ്റെടുക്കൽ വൈകുന്നതിന് കാരണമായെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ധരിപ്പിക്കുകയുണ്ടായി. പ്രോജക്ട് സംബന്ധമായി റെയിൽവേയുമായി ഇപ്പോഴും ബന്ധപ്പെടുന്നുണ്ടോയെന്ന സമിതിയുടെ അന്വേഷണത്തിന് നിശ്ചിത ദിവസത്തിനകം ബാക്കി പണം കെട്ടിവച്ചില്ലെങ്കിൽ ഇതിൽ നിന്ന് പിൻമാറുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ടെന്നും ബാക്കി ഉടനെ ഏറ്റെടുത്ത് നൽകാമെന്നറിയിച്ച് മേയർ മുഖാന്തിരം റെയിൽവേ മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

30. പ്രോജക്ട് അനന്തമായി നീളുകയും 44 ലക്ഷം രൂപ പലിശ ലഭിക്കാത്ത അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രോജക്ടുമായി മുന്നോട്ട് പോകേണ്ടതുണ്ടോയെന്ന കാര്യം കോർപ്പറേഷൻ കൗൺസിൽ ചർച്ച ചെയ്യണമെന്നും റെയിൽവേയുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ അടിയന്തിര തീരുമാനം കൈക്കൊള്ളണമെന്നും പ്രസ്തുത തീരുമാനത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

31. സമിതി നിർദ്ദേശാനുസരണം കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ (കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 10-2-2005-ലെ എ2-27951/04 നമ്പർ കത്ത് പ്രകാരം) കൊല്ലം ഈസ്റ്റ് വില്ലേജിൽ സർവ്വേ 156/42-43, 100 എന്നിവയിൽപ്പെട്ട രവീന്ദ്രനാഥൻ വക 59.73 ആർ സ്ഥലം 15-11-2002-ൽ നഗരസഭ ഏറ്റെടുത്തിട്ടുണ്ടെന്നും ആയതിന് പൊന്നും വിലയായ 1,77,75,000 രൂപ നഗരസഭ അടച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി.

32. പദ്ധതി ഐ.ഡി.എസ്.എം.റ്റി. ഉപേക്ഷിച്ചെന്നും ഇപ്പോൾ എ.ഡി.ബി. ഏറ്റെടുത്തു കിട്ടിയ തുക റെയിൽവേയ്ക്കു കൊടുത്തിട്ട് ബാക്കി ട്രഷറിയിൽ കിടപ്പുണ്ട് എന്ന് അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടറും സമിതിയെ അറിയിച്ചു.

33. കൊല്ലം വടക്കേവിള വില്ലേജിൽ സർവ്വേ 155/9 പാർട്ട് 10 എന്നിവയിൽപ്പെട്ട 55.559 ആർ സ്ഥലം അക്വയർ ചെയ്യുന്നതിനായി 30-7-99-ലെ 43-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം കേരള സർക്കാർ അനുമതിക്കായി അപേക്ഷിക്കുകയും അതിന് അനുമതി ലഭിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ പ്രസ്തുത സർക്കാർ അനുമതി ഉത്തരവിലും സർട്ടിഫിക്കറ്റിലും തിരുത്തൽ വരുത്തി പുതിയ ഉത്തരവ് വേണമെന്ന് ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ അറിയിച്ചതനുസരിച്ച് കൊല്ലം വടക്കേവിള വില്ലേജിൽ സർവ്വേ 155/9 പാർട്ട് 10 എന്നിവയിൽപ്പെട്ട 55.59 ആർ സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിനു വേണ്ടി 29-10-98-ലെ 3156/98/എൽ.എ.ഡി. നമ്പർ ഉത്തരവും 28-10-98-ലെ 42564/ഡി3/98/ എൽ.എ.ഡി.സർട്ടിഫിക്കറ്റും തിരുത്തി പുതിയ സർട്ടിഫിക്കറ്റും ഉത്തരവും അനുവദിച്ചു തരുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്നും ഈ സ്ഥലത്തിന്റെ അക്വിസിഷൻ നടപടി കൂടി പൂർത്തിയാക്കി നേരത്തെ അക്വയർ ചെയ്ത ഭൂമി ഉൾപ്പെടെ റെയിൽവേക്ക് കൈമാറിയാൽ മാത്രമേ ബസ്സ് ടെർമിനൽ നിർമ്മാണം നടപ്പാക്കാൻ കഴിയുകയുള്ളുവെന്നും ചൂണ്ടിക്കാട്ടിയിരുന്നു. പ്രസ്തുത പ്രോജക്ട്

ഉപേക്ഷിച്ചിട്ടില്ലാത്തതുമാണെന്നും ലാന്റ് അക്വിസിഷൻ നടപടികൾ തുടർന്നു വരികയാണെന്നും തുടർ നടപടികൾ കൗൺസിലിന്റെ പരിഗണനയിലാണെന്നും റിപ്പോർട്ട് നൽകിയിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

34. ബസ്സ് ടെർമിനൽ നിർമ്മാണത്തിനായുള്ള ലാന്റ് അക്വിസിഷൻ നടപടികൾ 1998-ൽ ആരംഭിച്ചുവെങ്കിലും 7 വർഷങ്ങൾക്കു ശേഷവും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് മുമ്പ് തന്നെ 46,44,000 രൂപ ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിനായി റെയിൽവേക്ക് കൈമാറുകയും ചെയ്തു. ഭൂമി അക്വയർ ചെയ്ത് റെയിൽവേക്ക് കൈമാറുകയും റെയിൽവേ വക ഭൂമി നഗരസഭയ്ക്ക് കൈമാറി കിട്ടുകയും ചെയ്തതിന് ശേഷം മാത്രം ക്വാർട്ടേഴ്സ് നിർമ്മാണത്തിനായുള്ള തുക റെയിൽവേക്ക് കൈമാറുകയും ചെയ്തിരുന്നുവെങ്കിൽ, പ്രസ്തുത തുക പലിശപോലും ലഭിക്കാതെ റെയിൽവേയിൽ കിടക്കുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നു. പ്രോജക്ട് ആസൂത്രണം ചെയ്തതിലെ പാളിച്ച മൂലമാണ് ഇത്തരമൊരു സ്ഥിതി വിശേഷം സംജാതമായതെന്ന് സമിതി വിലയിരുത്തുന്നു. ബസ്സ് ടെർമിനൽ നിർമ്മാണ പ്രോജക്ട് ഉപേക്ഷിച്ചിട്ടില്ലെന്നും തുടർനടപടികൾ കൗൺസിലിന്റെ പരിഗണനയിലാണെന്നും റിപ്പോർട്ട് നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രോജക്ട് എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നും ഇതു സംബന്ധമായ റിപ്പോർട്ട് സിമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഈ പദ്ധതി എ.ഡി.ബി. ഏറ്റെടുത്തിട്ടുണ്ടെന്ന് അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇപ്രകാരം ഏറ്റെടുത്തതിന്റെ സാമ്പത്തികവും സാങ്കേതികവുമായ വശങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ റിപ്പോർട്ടും സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### ടാർ വാങ്ങുന്നതിലും ട്രാൻസ്പോർട്ട് ചെയ്യുന്നതിനും ക്രമക്കേടുകൾ നഗരസഭയക്ക് ഭീമമായ നഷ്ടം.

കൊല്ലം നഗരസഭയിൽ ടാർ വാങ്ങുന്നതിലും അത് ട്രാൻസ്പോർട്ട് ചെയ്യുന്നതിലുമുള്ള അധികൃതരുടെ അലംഭാവവും പക്ഷപാതപരമായ സമീപനവും മൂലം ഭീമമായ നഷ്ടം നഗരസഭയ്ക്ക് സംഭവിക്കുന്നുണ്ട്.

ടാർ വാങ്ങുന്നതിനുവേണ്ടി ഓരോ തവണ പണമടയ്ക്കുമ്പോഴും മുൻകൂർ നൽകിയതിൽ നീക്കിയിരിപ്പെത്രയെന്നും ആകെ എത്ര അളവിനുള്ള ഏത് തരത്തിലുള്ള ടാറിനുള്ള വിലയാണ് അടയ്ക്കുന്നതെന്നും സപ്ലൈ ഓർഡറിൽ വ്യക്തമായി കാണുന്നില്ല. തൻമൂലം വിലകൂടിയ ഗ്രേഡിലുള്ള ബിറ്റുമിൻ ട്രാൻസ്പോർട്ടിംഗ് ഏജന്റ് എടുത്ത് ഭീമമായ നഷ്ടം പലപ്പോഴും സംഭവിച്ചിട്ടുള്ളതായി കാണുന്നു. ഓരോ തവണയുമുള്ള മുൻകൂറുകളും ഉപഭോക്തൃ കോഡുകളും വ്യക്തമാകാത്തതുമൂലം ടാറിന്റെ ഉൽപാദകരായ ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ വൻ തുക നഗരസഭയുടേതായി ബാക്കി നിൽപ്പുണ്ട്. ഈ തുക യഥാസമയം തിരികെ ലഭ്യമാക്കുന്നതിനോ തുല്യമായ മൂല്യത്തിനുള്ള ടാർ ലഭ്യമാകുന്നതിനോ നടപടികൾ സ്വീകരിച്ച് കാണുന്നില്ല.

ട്രാൻസ്പോർട്ടിംഗ് ഏജന്റിന് നൽകിയിട്ടുള്ള അധികാര പത്രങ്ങളുടെ കണക്കും അതനുസരിച്ച് ടാർ ഇറക്കിയോ എന്നുള്ള വിവരവും എഴുതി സൂക്ഷിച്ചിട്ടില്ല. ഇതുമൂലം അധികാര പത്രം ദുർവിനിയോഗം ചെയ്യാനും നഗരസഭയ്ക്ക് വൻ നഷ്ടം വരുത്തിവയ്ക്കാനും സാദ്ധ്യതയുണ്ട്.

ടാർ വാങ്ങുന്നതും ട്രാൻസ്പോർട്ടിംഗ് നടത്തുന്നതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ പി.ഡബ്ള്യൂ 02-8006/96, ജി. 10-16999/97/പ്ലാനിംഗ്/6-1 എന്നിവ പരിശോധിച്ചതിൽ നിന്നുമാത്രം 1,42,168 രൂപയുടെ നഷ്ടം നഗരസഭയ്ക്ക് സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. ടാർ വാങ്ങുന്നതിലെയും ട്രാൻസ്പോർട്ട് ചെയ്യുന്നതിലെയും ഇടപാടുകളെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തുന്നതും ഉചിതമായിരിക്കും.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01, ഖണ്ഡിക 5.1 (ബി)]

<u>ആഡിറ്റ് ഖണ്ഡികയിൻമേൽ കൊല്ലം കോർപ്പറേഷന്റെ മറുപടി</u>

35. "ടാർ വാങ്ങുന്നതിന് ഐ.ഒ.സി.ക്ക് മുൻകൂറായി പണം അടച്ച് ട്രാൻസ്പോർട്ടിംഗ് കമ്പനികൾ വഴിയാണ് സപ്ലൈ ചെയ്തു വരുന്നത്. 80/100 ഗ്രേഡിലുള്ള ടാറാണ് സാധാരണയായി വാങ്ങുന്നത്. കൊച്ചിൻ റിഫൈനറിയിൽ 80/100 ഗ്രേഡിലുള്ള ടാറിന്റെ ഷോർട്ടേജ് ഉണ്ടായ കാലയളവിൽ മാത്രമാണ് കമ്പനി 60/70 ഗ്രേഡിലുള്ള ടാർ സപ്ലൈ ചെയ്തിട്ടുള്ളത്. ടി ഗ്രേഡിലുള്ള ടാറാണ് നാഷണൽ ഹൈവേയിലും പൊതു മരാമത്ത് വകുപ്പുകളിലും മരാമത്തു പണികൾ ചെയ്തു വരുന്നത്. എന്നാൽ അതിനുശേഷം 80/100 ഗ്രേഡിലുള്ള ടാറാണ് സപ്ലൈ ചെയ്തു വരുന്നത്. ഐ.ഒ.സി.യിൽ നിന്നും ലഭിക്കാനുള്ള ഔട്ട്സ്റ്റാൻഡിംഗ് ബാലൻസ് തുകയ്ക്കുള്ള ടാർ സപ്ലൈ ചെയ്യണമെന്ന് കാണിച്ച് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 12-5-2004-ൽ 2005221-ബി 000122-നമ്പർ ഇൻവോയിസ് പ്രകാരം 8.29 മെട്രിക് ടൺ ടാർ (100588 രൂപയ്ക്ക്) ലഭിച്ചിട്ടുണ്ട്. ബാലൻസ് തുകയ്ക്കുള്ള ടാർ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്"

[അനുബന്ധം 2-ലെ കത്ത് പ്രകാരം ലഭിച്ചത്]

36. കൊല്ലം നഗരസഭയിൽ ടാർ വാങ്ങുന്നതിലും ട്രാൻസ്പോർട്ട് ചെയ്യുന്നതിലുമുണ്ടായ ക്രമക്കേടുകൾമൂലം നഗരസഭയ്ക്ക് ഭീമമായ നഷ്ടമുണ്ടായത് സംബന്ധിച്ച് സമിതി 17-11-2004-ലെ തെളിവെടുപ്പ് വേളയിൽ കൊല്ലം കോർപ്പറേഷൻ അധികൃതരോട് കൂടുതൽ വിശദീകരണം ആരായുകയുണ്ടായി. കോർപ്പറേഷൻ അധികൃതർ ഇക്കാര്യത്തിൽ നൽകിയ വിശദീകരണം തൃപ്തികരമല്ലെന്ന് കണ്ടതിനാൽ ഇത് സംബന്ധമായിട്ടുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം കൊല്ലം കോർപ്പറേഷൻ സെക്രട്ടറി (കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 10-2-2005-ലെ എ2-27951/04 നമ്പർ കത്ത് പ്രകാരം) സമർപ്പിച്ച റിപ്പോർട്ടിൽ താഴെ പറയുന്ന കാര്യങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഓരോ തവണയും ടാറിന് മുൻകൂറായി പണം അടയ്ക്കുമ്പോൾ കമ്പനിയിൽ നിന്നും ഇൻവോയിസ് വാങ്ങാറുണ്ട്. ഇൻവോയിസിൽ ഗ്രേഡ്, അളവ്,

തൂക്കം, എണ്ണം എന്നിവ പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തിയിരിക്കും. കമ്പനിയിൽ നിന്നും ഇൻവോയിസ് വാങ്ങിയ പ്രകാരമാണ് ടാറിനുള്ള പണം അഡ്വാൻസായി ഡി.ഡി.അടയ്ക്കുന്നത്. മുൻകൂറായി അടയ്ക്കുന്ന തുകയിൽ ബാക്കിവരുന്ന സംഖ്യ അടുത്ത വർഷത്തെ തുകയിൽ ഉൾകൊള്ളിച്ചുകൊണ്ടാണ് അടുത്ത വർഷം തുക കണക്കാക്കുന്നത്. പലപ്പോഴും ടാറിന്റെ വില വർദ്ധനമൂലം ഇൻവോയിസ് പ്രകാരമുള്ള തുകയ്ക്കുള്ള അളവ് ടാർ ലഭിക്കാറില്ല.

37. 16-6-1999-ലെ ഐ.ഒ.സി.യുടെ കത്ത് പ്രകാരം ജൂൺ മാസത്തിൽ പണമടക്കുന്നവർക്ക് ഡിസ്കൗണ്ട് അനുവദിക്കുമെന്ന് സൂചിപ്പിച്ചിരുന്നുവെങ്കിലും നഗരസഭ ജൂൺമാസത്തിനു മുമ്പ് പണം അടച്ചതിനാൽ കിഴിവ് അനുവദിച്ച് കിട്ടിയിട്ടില്ല. 4-12-2004-ൽ 96 മുതൽ നാളിതുവരെയുള്ള കണക്ക് ഉടൻ അറിയിക്കണമെന്ന് കാണിച്ച് കത്ത് നൽകിയിട്ടും മറുപടി ലഭിക്കാത്തതിനാൽ ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ടെന്നും സെക്രട്ടറിയുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

38. ടാറിന് പണം മുൻകൂറായി കമ്പനിയിൽ അടച്ച ശേഷം ട്രാൻസ്പോർട്ടിംഗ് കമ്പനിക്ക് ഓതറൈസേഷൻ നൽകിയാണ് സ്റ്റോറിലേക്ക് ടാർ വാങ്ങുന്നതെന്നും സ്റ്റോറിൽ എത്തുന്ന ബിറ്റുമിൻ സ്റ്റോറിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ ഇൻവോയ്സ് പ്രകാരമുള്ള അളവുകളും, ഗ്രേഡും പരിശോധന നടത്തിയാണ് കരാറുകാർക്ക് സപ്ലൈ ചെയ്തു വരുന്നത്. വരുന്ന ടാർ അൺലോഡ് ചെയ്യുന്ന തോടൊപ്പം കമ്പനി നൽകുന്ന ബില്ലിൽ എല്ലാ ഡീറ്റെയിൽസും ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ അധികാരപത്രം (ട്രാൻസ്പോർട്ടിംഗ് ഏജന്റിൽ നൽകിയിട്ടുള്ള) ദുർവിനിയോഗം ചെയ്തിട്ടില്ലാത്താണെന്നും 1-10-1997-ൽ ലഭിച്ചിട്ടുള്ളത് ടിയാന്റെ കൈവശമുണ്ടായിരുന്ന ഒരു ലോഡ് സാധനത്തിന്റെ അധികാര പത്രമനുസരിച്ചും 27-10-1997-ൽ എത്തിയിട്ടുള്ളത് 9-10-1997-ൽ നൽകിയ അധികാര പത്ര പ്രകാരമുള്ള ടാറും ആയിരിക്കണം നൽകിയിട്ടുള്ളതെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

39. ടാറിന് അഡ്വാൻസ് അടയ്ക്കുമ്പോൾ അധികാര പത്രം ഒന്നിച്ചു നൽകിയാൽ കൃത്രിമം കാണിക്കുന്നതിന് സാദ്ധ്യതയുള്ളതിനാൽ ആവശ്യാനുസരണമായ ലോഡിൽ മാത്രമാണ് അധികാര പത്രം നൽകാറുള്ളതെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും സെക്രട്ടറിയുടെ റിപ്പോർട്ടിൽ അപേക്ഷിച്ചിട്ടുണ്ട്. ഗ്രേഡ് പരിശോധിക്കുന്നതിന് നഗരസഭയിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ ലഭ്യമല്ലെന്നും അന്വേഷണത്തിൽ കമ്പനിയിൽ 80/100 ഗ്രേഡ് ടാർ ലഭ്യമല്ലാത്തതിനാലും അടിയന്തിരമായി ടാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലുമായിരുന്നു ഉയർന്ന ഗ്രേഡ് ടാർ ഇറക്കിയതെന്നും റിപ്പോർട്ടിൽ പറയുന്നു

40. സാധാരണയായി ബൾക്ക് ബിറ്റുമെൻ ഇറക്കുമ്പോൾ അളവും തൂക്കവും കൃത്യമായി ലഭ്യമായിട്ടുണ്ടോയെന്ന് അംഗീകൃത വെയ്ബ്രിഡ്ജിൽ ഭാര വണ്ടിയും കാലി വണ്ടിയും തൂക്കി സാക്ഷ്യപ്പെടുത്താറുണ്ടെന്നും, സ്റ്റോറിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച ശേഷമാണ് ബിറ്റുമെൻ സ്റ്റോക്കിൽ എടുക്കുന്നതെന്നും റിപ്പോർട്ടിൽ ചൂണ്ടികാട്ടിയിട്ടുണ്ട്.

41. ദശരഥാ ട്രാൻസ്പോർട്ടിംഗ് കമ്പനി ട്രാൻസ്പോർട്ടിംഗിൽ കൃത്യനിഷ്ഠ പാലിക്കാതിരുന്നതിനാൽ അവരുമായുള്ള കരാർ അവസാനിപ്പിച്ച് പത്രപ്പരസ്യം വഴി ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത മരിയ ട്രാൻസ്പോർട്ടിന് കരാർ നൽകിയെന്നും അതുകൊണ്ടാണ് ദശരഥാ ട്രാൻസ്പോർട്ടിന് നൽകിയിരിക്കുന്ന അധികാരപത്ര പ്രകാരം ടാർ ഇറക്കാതിരുന്നതെന്നും 19-6-1999-ൽ മരിയാ ട്രാൻസ്പോർട്ടിംഗ് കമ്പനിക്ക് നൽകിയ അധികാര പത്രമനുസരിച്ച് ടാർ സപ്ലൈ ചെയ്തതെന്നും 7-8-1998-ലെ 17008007 നമ്പർ ഇൻവോയ്സ് പ്രകാരം 19-7-1999-ൽ ദശരഥാ ട്രാൻസ്പോർട്ടിന് പേയ്മെന്റ് നൽകിയിട്ടുള്ളതായും 28-8-1999-ൽ, ടാർ ട്രാൻസ്പോർട്ടിംഗിന് മരിയ ട്രാൻസ്പോർട്ടിംഗ് കമ്പനിക്ക് പേയ്മെന്റ് നൽകിയ ലിസ്റ്റിൽ ടി ഇൻവോയിസ് രേഖപ്പെടുത്തി കാണുന്നില്ലെന്നും അതിനാൽ ചാർജ്ജിൽ ഇരട്ടിപ്പ് കാണുന്നില്ലെന്നും സെക്രട്ടറിയുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

42. പരാമർശ വിധേയമായ കാലയളവിൽ ടാർ വാങ്ങൽ, ട്രാൻസ്പോർട്ടിംഗ് എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്തിരുന്ന എഞ്ചിനീയർമാർ ശ്രീ. എൻ. സുരേന്ദ്രൻ, ശ്രീ. എം. ഗോപാലകൃഷ്ണപിള്ള, അസിസ്റ്റന്റ് എഞ്ചിനീയർമാർ (രണ്ടുപേരും റിട്ടയർ ചെയ്തവർ), ശ്രീ. കെ. എസ്. ഗോപാലകൃഷ്ണപിള്ള, ശ്രീ അബ്ദുൽ സലാം കോയകുഞ്ഞ് (രണ്ടുപേരും റിട്ടയർ ചെയ്തവർ), ശ്രീ. ജെ. മൻസൂർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരായിരുന്നുവെന്നും ഫയൽ പരിശോധനയിൽ ലഭ്യമായ മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആഡിറ്റ് പരാമർശങ്ങളിൽ നിന്ന് ഒഴിവാക്കണമെന്നും കോർപ്പറേഷൻ സെക്രട്ടറിയുടെ റിപ്പോർട്ടിൽ അപേക്ഷിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

43. ടാർ വാങ്ങുന്നതിലും ട്രാൻസ്പോർട്ട് ചെയ്യുന്നതിലുമുള്ള ക്രമക്കേടുകളെക്കുറിച്ച് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി വിശദമായ റിപ്പോർട്ട് സമിതിക്ക് നൽകിയിരിക്കുകയും ആയത് പ്രഥമദൃഷ്ട്യാ തൃപ്തികരമാണെന്ന് തോന്നുകയും ചെയ്യുന്നതിനാൽ ഇക്കാര്യത്തിൽ കൊല്ലം കോർപ്പറേഷൻ ലോക്കൽഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് വിശദമായ മറുപടി നൽകണമെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യത്തിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### ടി. സി. ചെല്ലാനുകൾ പാസ്സാക്കി വരവിൽ ഉൾക്കൊള്ളിക്കാത്തതു സംബന്ധിച്ച്.

ചെക്കുകൾ, ഡ്രാഫ്റ്റുകൾ ഇവ മുഖാന്തിരം മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ടിൽ വരുന്ന തുകയ്ക്ക് ടി. സി. ചെല്ലാൻ പാസ്സാക്കി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വരവു വയ്ക്കുന്നതായി കാണുന്നില്ല. പലതവണ രജിസ്റ്ററുകൾ ആഡിറ്റിൽ ഹാജരാക്കാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടും നാളിതുവരെ ഫലപ്രദമായി നടപടി സ്വീകരിച്ചുകാണുന്നില്ല. ഒട്ടനവധി ചെക്കുകളും ഡ്രാഫ്റ്റുകളും ഇപ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിശദാംശങ്ങൾ ഉൾക്കൊള്ളിക്കാതെ അവശേഷിക്കുന്നു.

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ വക മഹാറാണി മാർക്കറ്റ് സ്റ്റാളിന്റെ പേരിലുള്ള ഡെപ്പോസിറ്റ് ഇനത്തിൽ 5 വ്യത്യസ്ത ആളുകളിൽ നിന്നും ലഭിച്ച 2,95,000 രൂപയുടെ ചെക്കുകൾ വരവിൽപ്പെടാതെ മടങ്ങി മുനിസിപ്പൽ ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് ആഡിറ്റിൽ കണ്ടെത്തി. എന്നിട്ടും ടി ചെക്കുകൾക്ക് ചെല്ലാൻ പാസ്സാക്കി നൽകിയതായും കാണുന്നു. ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകുകയല്ലാതെ മറ്റ് യാതൊരു നിയമ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. യഥാർത്ഥ വരവ് പരിശോധിക്കാതെ ചെല്ലാൻ പാസ്സാക്കി നൽകിയതിലുണ്ടായ 2,95,000 രൂപയുടെ നഷ്ടം ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02, ഖണ്ഡിക-6.2 (i)]

ആഡിറ്റ് ഖണ്ഡികയിന്മേൽ കോർപ്പറേഷന്റെ മറുപടി

44. "ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവ യഥാസമയം ബാങ്കുകളിൽ കളക്ഷനായി അയയ്ക്കുകയും കളക്ഷനായി വരുന്ന മുറയ്ക്ക് ടി.സി. ചെല്ലാനുകൾ പാസ്സാക്കി ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് വരവായി ചേർത്ത് വരുന്നുണ്ട്.

45. മഹാറാണി മാർക്കറ്റിലെ താഴെ പറയുന്ന വ്യാപാരികൾ ഡെപ്പോസിറ്റിനത്തിൽ ഒടുക്കുവാനുള്ള തുകയ്ക്ക് പകരമായി ചെക്ക് നൽകുകയും, അക്കൗണ്ടിൽ തുക ഇല്ലാതിരുന്നതു കാരണത്താൽ ചെക്ക് മടങ്ങി വരികയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി ആളുകൾക്ക് ആഫീസിൽ നിന്നും അറിയിപ്പ് നൽകിയതിന്റെ ഫലമായി തുകയും പിഴ പലിശയും സഹിതം ഈടാക്കിയിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| 1. | ശ്രീ. ഇസ്മത്ത് നൂൺ | | | |
| | ചെക്ക് നമ്പർ | 276407 | Rs. 65000+ | Rt. No. 11786 |
| | Rs. 65000 | 15-9-2000 | പിഴ പലിശ | 17-7-2001 |
| 2. | അബ്ദുൾ റഹീം സേട്ട് | | | |
| | ചെക്ക് നമ്പർ | 72268 | Rs. 65000+ | Rt. No. 11716 |
| | Rs. 65000 | 12-9-2000 | പിഴ പലിശ | 17-7-2001 |
| 3. | ജനാർദ്ദനൻ പിള്ള | | | |
| | ചെക്ക് നമ്പർ | 279106 | Rs. 50000+ | Rt. No. 11756 |
| | Rs. 50000 | 15-9-2000 | പിഴ പലിശ | 17-7-2001 |
| 4. | എ. എം. ഹാഷിം | | | |
| | ചെക്ക് നമ്പർ | 280218 | Rs. 50000+ | Rt. No. 11956 |
| | Rs. 65000 | 15-9-2000 | പലിശ | 18-7-2001 |
| | | | Rs. 10000+ | Rt. No. 10038/79 |
| | | | പലിശ | 1-10-2003 |

| | | | | |
|---|---|---|---|---|
| | | | Rs. 3000+<br>പലിശ | Rt. No. 20235/38<br>30-12-2003 |
| | | | Rs. 3000+<br>പലിശ | |
| | | ആകെ | Rs. 65000+<br>പലിശ | Rt. No. 10080/87<br>23-6-2004 |
| 5. | ഷാജഹാൻ<br>ചെക്ക് നമ്പർ<br>Rs. 50,000 | 968443<br>15-7-2000 | 75000 | Rs. 75000+<br>Rt. No. 12107<br>19-7-2003 |
| | 50,000<br>1,00,000 | 968444<br>15-9-2000 | Rs. 15000+<br>പലിശ | Rs. 15000+10038/77<br>1-10-2003 |
| | | | 8000+<br>പലിശ | 20235/31<br>30-12-2003 |
| | | | 2000+<br>പലിശ | 10080/86<br>23-6-2004 |
| | | | ആകെ | 100000+ പലിശ |

[അനുബന്ധം (2)-ലെ കത്തുപ്രകാരം ലഭിച്ചത്]"

46. ചെക്കുകൾ, ഡ്രാഫ്റ്റുകൾ ഇവ മുഖാന്തിരം മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ടിൽ വരുന്ന തുകയ്ക്ക് റ്റി.സി. ചെലാൻ പാസ്സാക്കി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വരവ് വയ്ക്കാത്തതിന്റെ കാരണം 17-11-2004-ലെ തെളിവെടുപ്പ് വേളയിൽ സമിതി കൊല്ലം കോർപ്പറേഷൻ അധികൃതരോട് ആരായുകയുണ്ടായി.

47. ഇപ്പോൾ ചെക്കുകളും ഡ്രാഫ്റ്റുകളും വരവ് വയ്ക്കുന്നുണ്ടെന്ന് കൊല്ലം കോർപ്പറേഷൻ റവന്യൂ ഓഫീസർ സമിതിയെ അറിയിച്ചു.

48. മഹാറാണി മാർക്കറ്റ് സ്റ്റാളിന്റെ പേരിലുള്ള ഡെപ്പോസിറ്റ് ഇനത്തിൽ 5 കക്ഷികളിൽ നിന്ന് ലഭിച്ച 2,95,000 രൂപയുടെ ചെക്ക് വരവിൽപ്പെടാതെ മടങ്ങിയതിന്റെ കാരണവും സമിതി കോർപ്പറേഷൻ ഉദ്യോഗസ്ഥരോട് അന്വേഷിക്കുകയുണ്ടായി.

49. വ്യാപാരികൾക്ക് കടമുറി അനുവദിച്ചപ്പോൾ അവരുടെ അന്നത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് കൗൺസിൽ അനൗദ്യോഗികമായി നൽകിയ ഒരു ആനുകൂല്യമെന്ന നിലയിലാണ് അന്ന് ചെക്കുകൾ വാങ്ങിയതെന്നും ചെക്കുകൾ

വാങ്ങുമ്പോൾ തന്നെ അത് ഹാജരാക്കിയാൽ മടങ്ങുമെന്നറിഞ്ഞുകൊണ്ടുതന്നെയാണ് ചെക്കുകൾ സ്വീകരിച്ചതെന്നും എന്നാൽ ഈ വ്യാപാരികൾ പിന്നീട് പലിശ സഹിതം തുക അടച്ചിട്ടുണ്ടെന്നും ഇപ്പോൾ ചെക്ക് വാങ്ങുന്നതിനുമുമ്പ് അക്കൗണ്ടിൽ പണം ഉണ്ടോയെന്ന് പരിശോധിക്കുന്നുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറിയുടെ പി. എ. സമിതിയിൽ ബോധിപ്പിച്ചു.

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

50. മഹാറാണി മാർക്കറ്റ് സ്റ്റാളിൽ കടമുറികൾ അനുവദിക്കുന്നതിനായി ചെക്ക് വാങ്ങിയതിനും അത് മടങ്ങുന്നതിനുമിടയാക്കിയ സാഹചര്യങ്ങളും, സ്റ്റാളുകൾ അനുവദിച്ചു കിട്ടിയ വ്യാപാരികൾ പണം തിരിച്ചടച്ചതിന്റെ രേഖകളും, ആഡിറ്റ് അധികൃതർക്ക് ഹാജരാക്കി ആഡിറ്റ് പരാമർശം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### കന്റോൺമെന്റ് മൈതാനം കുറഞ്ഞ തുകയ്ക്ക് എക്സിബിഷൻ നടത്താൻ അനുവദിച്ചതിൽ 2,00,000 രൂപയുടെ നഷ്ടം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കന്റോൺമെന്റ് മൈതാനം എക്സിബിഷൻ നടത്തുന്നതിനുവേണ്ടി രണ്ടു പ്രൈവറ്റ് സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 6 ലക്ഷം രൂപ വാടകയിനത്തിൽ നൽകാമെന്നുറപ്പു നൽകിയിരുന്ന തൃശൂർ യുണൈറ്റഡ് എന്റർപ്രൈസസിന്റെ അപേക്ഷ പരിഗണിക്കാതെ നാലു ലക്ഷം രൂപ നൽകാമെന്നേറ്റ ഐനസ് കോളിൻ എക്സ്പൊസിഷൻ ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് മൈതാനം അനുവദിച്ചു നൽകിയത്. ഇതുമൂലം 2 ലക്ഷം രൂപയുടെ വരുമാന നഷ്ടം നഗരസഭയ്ക്ക് വന്നിട്ടുണ്ട്. ഗുരുതരമായ ഈ ക്രമക്കേടിനെപ്പറ്റി വിശദമായ ഒരു അന്വേഷണം നടത്തേണ്ടതും ഉത്തരവാദിയായവരിൽ നിന്നും ഈ തുക ഈടാക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002 ഖണ്ഡിക 6.2 (ii)]

### ആഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം കോർപ്പറേഷന്റെ മറുപടി

51. "മുനിസിപ്പൽ കൗൺസിൽ 29-9-1999-ൽ 42-ാം നമ്പർ തീരുമാന പ്രകാരം തുക നിശ്ചയിച്ച് അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത എക്സിബിഷൻ നടത്തിയിട്ടുള്ളത്."

[അനുബന്ധം II-ലെ കത്ത് പ്രകാരം ലഭിച്ചത്]

52. ആറു ലക്ഷം രൂപ വാടക നൽകാൻ സമ്മതിച്ച സ്ഥാപനത്തിന്റെ അപേക്ഷ പരിഗണിക്കാതെ നാലു ലക്ഷം രൂപ മാത്രം വാടക നൽകാൻ തയ്യാറായ സ്ഥാപനത്തിന് കന്റോൺമെന്റ് മൈതാനം അനുവദിച്ചതിന്റെ കാരണവും അതിന് പിന്നിലെ യുക്തിയും സമിതി 17-11-2004-ലെ തെളിവെടുപ്പുവേളയിൽ കോർപ്പറേഷൻ അധികൃതരോട് അന്വേഷിക്കുകയുണ്ടായി.

53. കൊല്ലം കോർപ്പറേഷൻ കൗൺസിലാണ് ഇങ്ങനെയൊരു തീരുമാനമെടുത്തതെന്നും കോർപ്പറേഷൻ സെക്രട്ടറി ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഫയലിൽ, വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത ഫയൽ സമിതി പരിശോധിക്കുകയാണെങ്കിൽ ഇക്കാര്യം ബോധ്യപ്പെടുമെന്നും കോർപ്പറേഷൻ സെക്രട്ടറിയുടെ പി. എ. സമിതിയിൽ ബോധിപ്പിക്കുകയുണ്ടായി. പ്രസ്തുത ഫയൽ സമിതി മുമ്പാകെ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

54. സമിതി നിർദ്ദേശ പ്രകാരം കൊല്ലം കോർപ്പറേഷൻ സമർപ്പിച്ച ആർ.9/25206/99-ാം നമ്പർ ഫയൽ സമിതി പരിശോധിക്കുകയുണ്ടായി. ഫയൽ പരിശോധിച്ചതിൽ കന്റോൺമെന്റ് മൈതാനിയിൽ ഉപഭോക്തൃമേള നടത്തുന്നതിനായി തൃശ്ശൂരിലെ യുണൈറ്റഡ് എന്റർടെയിൻമെന്റ്സ് എന്ന സ്ഥാപനം 30-1-1999-ലും ബാംഗ്ലൂരിലെ ഐനസ് കോളിൻ എക്സ്പൊസിഷൻസ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 24-6-1999-ലും അപേക്ഷകൾ നൽകിയിരുന്നതായി കണ്ടു. യുണൈറ്റഡ് എന്റർടെയ്ൻമെന്റ് തൃശ്ശൂർ 6.00 ലക്ഷം രൂപയും ഐനസ് കോളിൻ എക്സ്പൊസിഷൻസ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ്, ബാംഗ്ലൂർ 4.00 ലക്ഷം രൂപയുമാണ് മേള നടത്തുന്നതിന് ഗ്രൗണ്ട് വാടക, വിനോദനികുതി, അധിക വിനോദനികുതി മുതലായ ഇനങ്ങളിൽ നഗരസഭയ്ക്ക് വാഗ്ദാനം ചെയ്തിരുന്നത്. തൃശ്ശൂർ യുണൈറ്റഡ് എന്റർടെയ്ൻമെന്റിന്റെ അപേക്ഷ കൗൺസിലിന്റെ 4-3-1999-ലെ കാര്യപരിപാടിയിലെ 19-ാം ഇനമായി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പരിഗണിക്കാതെ മാറ്റിവയ്ക്കുകയാണുണ്ടായത്. അതേസമയം തന്നെ 24-6-1999-ന് ലഭിച്ച ഐനസ് കോളിൻ എക്സ്പൊസിഷന്റെ അപേക്ഷ 30-7-1999-ന് കൂടിയ കൗൺസിൽ പരിഗണിക്കുകയും വിനോദ നികുതി ഒഴിവാക്കി ഗ്രൗണ്ട് അനുവദിക്കുന്നതിലേക്ക് കൗൺസിലിന് നൽകേണ്ട തുക സംബന്ധിച്ച് അപേക്ഷകനുമായി ഒന്നുകൂടി നെഗോഷിയേറ്റ് ചെയ്ത് ഓഫർ കൗൺസിലിന് സമർപ്പിക്കുന്നതിൽ 6-ാം നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതുപ്രകാരം നെഗോഷിയേറ്റ് ചെയ്ത സെക്രട്ടറി, 60 ദിവസത്തേക്ക് ഗ്രൗണ്ട്റെന്റ്, ബിൽഡിംഗ് ലൈസൻസ് ഫീ, വിനോദനികുതി ഒഴിവാക്കൽ എന്നിവയ്ക്ക് മൊത്തം 4 ലക്ഷം രൂപ മാത്രമേ നഗരസഭയ്ക്ക് നൽകാൻ കഴിയൂവെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തു. നഗരസഭാ സെക്രട്ടറിയുടെ പ്രസ്തുത റിപ്പോർട്ട് 18-9-1999-ലെ കൗൺസിലിന്റെ പരിഗണനയ്ക്ക് വരികയും അടുത്ത കൗൺസിലിലേക്ക് മാറ്റിവയ്ക്കാൻ 29-ാം നമ്പരായി തീരുമാനിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് 29-9-1999-ലെ കൗൺസിൽ യോഗം വിഷയം പരിഗണിക്കുകയും വിശദമായ ചർച്ചകൾക്കുശേഷം 60 ദിവസത്തേക്ക് ഗ്രൗണ്ട്റെന്റിനത്തിൽ 60,000 രൂപയും വിനോദനികുതി ഒഴിവാക്കുന്നതിലേക്ക് 3,40,000 രൂപയും ഉൾപ്പെടെ ആകെ 4 ലക്ഷം രൂപ ഈടാക്കിക്കൊണ്ട് മെസ്സേഴ്സ് ഐനസ് കോളിൻ എക്സ്പൊസിഷൻ പ്രൈവറ്റ് ലിമിറ്റഡിന് 1999 ഒക്ടോബർ 15 മുതൽ ഡിസംബർ 14 വരെ നാഷണൽ കൺസ്യൂമർ ഫെയറിന്റെ ദേശീയ ഉപഭോക്തൃമേള നടത്തുന്നതിന് കന്റോൺമെന്റ് മൈതാനം അനുവദിച്ച് നൽകുന്നതിനും വിനോദ നികുതി ഒഴിവാക്കി നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കുവാനും തീരുമാനിക്കണമെന്ന് മുനിസിപ്പൽ ചെയർമാൻ നിർദ്ദേശിച്ചു. എന്നാൽ പ്രശ്നം വോട്ടിനിടുകയും ചെയർമാന്റെ നിർദ്ദേശത്തിന് അനുകൂലമായി 18 വോട്ടും എതിരായി 14 വോട്ടും രേഖപ്പെടുത്തുകയും ഭൂരിപക്ഷതീരുമാനപ്രകാരം വിഷയം പാസ്സായതായി

ചെയർമാൻ പ്രഖ്യാപിക്കുകയുമാണുണ്ടായത്. പ്രതിപക്ഷം ശ്രീ. കരുമാലിൽ സുകുമാരന്റെ നേതൃത്വത്തിൽ ഇക്കാര്യത്തിലുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും ഈ തീരുമാനത്തിന്മേലുള്ള നിയമപരവും ആഡിറ്റ് പരവുമായ ബാദ്ധ്യതകൾക്ക് തങ്ങൾക്ക് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ലെന്ന് രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

55. ആറു ലക്ഷം രൂപ വാടക വാഗ്ദാനം ചെയ്തിരുന്ന തൃശ്ശൂരിലെ യുണൈറ്റഡ് എന്റർടെയ്ൻമെന്റിന്റെ അപേക്ഷ പരിഗണിക്കുകപോലും ചെയ്യാതെ 4.00 ലക്ഷം രൂപ മാത്രം വാടക വാഗ്ദാനം ചെയ്ത ബാംഗ്ലൂരിലെ ഐനസ് എക്സ്പൊസിഷൻസ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡിന് കന്റോൺമെന്റ് മൈതാനം, ഉപഭോക്തൃമേള നടത്തുന്നതിനായി അനുവദിച്ചത് കോർപ്പറേഷൻ സെക്രട്ടറിയുടെയും പ്രതിപക്ഷ അംഗങ്ങളുടെയും വിയോജനകുറിപ്പിനെ അവഗണിച്ചുകൊണ്ടും കൗൺസിലിലെ ഭൂരിപക്ഷ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലായിരുന്നുവെന്നതിനാൽ ഈ തീരുമാനത്തെ അനുകൂലിച്ച 18 കൗൺസിലർമാരാണ് കോർപ്പറേഷന് (അന്നത്തെ മുനിസിപ്പൽ കൗൺസിൽ) 2.00 ലക്ഷം രൂപ നഷ്ടമുണ്ടാക്കിയ ഈ നടപടിക്ക് ഉത്തരവാദികളെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കന്റോൺമെന്റ് മൈതാനം കുറഞ്ഞ വാടകനിരക്കിൽ അനുവദിച്ചത് വഴി കൊല്ലം കോർപ്പറേഷന് (പരാമർശ കാലയളവിൽ മുനിസിപ്പൽ കൗൺസിൽ) 2.00 ലക്ഷം രൂപയുടെ നഷ്ടമുണ്ടാക്കിയതിനുത്തരവാദികളായ മുകളിൽ പറഞ്ഞ 18 കൗൺസിലർമാരിൽ നിന്ന് 2.00 ലക്ഷം രൂപ പലിശസഹിതം ഈടാക്കാൻ സർക്കാർതലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### നഗരസഭാ തെരഞ്ഞെടുപ്പ് ചെലവുകൾ—സംബന്ധിച്ച്

കൊല്ലം നഗരസഭാ തെരഞ്ഞെടുപ്പ് സംബന്ധിച്ച ചെലവുകൾക്കായി ബന്ധപ്പെട്ട ക്ലാർക്കിന് 55,000 രൂപയും വിവിധ സ്ഥാപനങ്ങൾക്കായി ഫോട്ടോകോപ്പി എടുത്ത വകയിൽ 5,43,635 രൂപയും നൽകി കാണുന്നു. കൂടാതെ 2,92,721 രൂപ ജില്ലാ കളക്ടറിൽ നിന്നും ടി ചെലവുകൾക്കായി ലഭിച്ചിട്ടുള്ളത് വരവിൽ കൊള്ളിക്കാതെ നേരിട്ട് ചെലവഴിച്ചതായും കാണുന്നു.

വോട്ടർപട്ടിക തയ്യാറാക്കുന്നതിനുവേണ്ടി ഡി.റ്റി.പി. സംവിധാനത്തിൽ ആവശ്യമായ കോപ്പികൾ ലഭ്യമാക്കുവാനും ആയതിന്റെ ഫോട്ടോകോപ്പികൾ എടുക്കുന്നതിനും വേണ്ട നിർദ്ദേശങ്ങളും മാനദണ്ഡവും ഉണ്ടായിരുന്നിട്ടും വർക്ക് ഓർഡർ പോലും നൽകാതെ വിവിധ സ്വകാര്യ സ്ഥാപനങ്ങൾക്ക് ഓർഡറുകൾ നൽകുകയും നിർദ്ദേശിച്ചിരുന്ന തുകയേക്കാൾ കൂടുതൽ പ്രതിഫലം നൽകുകയും ചെയ്തതുമൂലം ഭീമമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിവിധ ചെലവുകൾക്കായി ക്ലാർക്കിന്റെ പേരിൽ നൽകിയ 55,000 രൂപ ഇതുവരെയും അഡ്ജസ്റ്റ് ചെയ്യുകയോ ചെലവുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയോ ചെയ്തു കാണുന്നില്ല. അഡ്വാൻസ് തുകയിൽ നിന്നും പ്രതിഫലം പറ്റിയ പല സ്ഥാപനങ്ങളും വീണ്ടും നഗരസഭാ ഫണ്ടിൽ നിന്നും പ്രതിഫലം പറ്റിയിട്ടുള്ളതായും വ്യക്തമാകുന്നു. ചെലവുകളെപ്പറ്റി വിശദമായ അന്വേഷണം ആവശ്യമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃതറിപ്പോർട്ട് 2001–2002, ഖണ്ഡിക 6.2 (iii)]

ആഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം കോർപ്പറേഷന്റെ മറുപടി

56. "വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് സർക്കാർ സ്ഥാപനമായ കെൽട്രോണിനെയാണ് ഓർഡർ നൽകി ചുമതലപ്പെടുത്തിയിരുന്നത് എന്നാൽ കൃത്യസമയത്ത് കെൽട്രോണിന് പട്ടിക തയ്യാറാക്കി നൽകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ സമയബന്ധിതമായി വോട്ടർ പട്ടിക പ്രസിദ്ധീകരിക്കേണ്ടതിനാലാണ് സ്വകാര്യ സ്ഥാപനങ്ങളെക്കൊണ്ട് വോട്ടർ പട്ടിക തയ്യാറാക്കേണ്ടി വന്നത്. പുതുതായി നിലവിൽവന്ന കോർപ്പറേഷനിലെ വാർഡു പുനർവിഭജനത്തിലും മറ്റുമുണ്ടായ അപാകതകൾ വോട്ടർ പട്ടികയിലും കടന്നുകൂടുകയും ജില്ലാ ഇലക്ഷൻ ആഫീസറുടെ മേൽനോട്ടത്തിൽ വോട്ടർ പട്ടിക അപാകതകൾ പരിഹരിച്ചു കൊണ്ട് തയ്യാറാക്കേണ്ടി വരികയും ചെയ്തു. ഇത്തരത്തിൽ രണ്ടു തവണ വോട്ടർപട്ടിക അച്ചടിക്കേണ്ടി വന്നതിനാൽ ചെലവ് അധികരിക്കുകയുണ്ടായി. ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന് അഡ്വാൻസായി നൽകിയ 55,000 രൂപ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ആയതിന്റെ വൗച്ചറുകളും കണക്കുകളും ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ആയവ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുള്ളതാണ്. നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് ജില്ലാ ഇലക്ഷൻ ആഫീസിൽ നിന്നും ലഭിച്ചിട്ടുള്ള തുക അതാത് ആവശ്യങ്ങൾക്ക് മാത്രമായി വിനിയോഗിച്ചിട്ടുള്ള നിശ്ചിത നിരക്കുകൾ പ്രകാരമുള്ള ചെലവിനങ്ങൾ യഥാവിധി രേഖപ്പെടുത്തി രേഖകൾ സൂക്ഷിച്ചിട്ടുള്ളതുമാണ്."

[അനുബന്ധം II-ലെ കത്ത് പ്രകാരം ലഭിച്ചത്]

57. നഗരസഭാ തെരഞ്ഞെടുപ്പ് സംബന്ധിച്ച ചെലവുകൾക്കായി ജില്ലാ കളക്ടറിൽ നിന്ന് ലഭിച്ച 2,92,721 രൂപ വരവിൽ കൊള്ളിക്കാതെ നേരിട്ട് ചെലവഴിച്ചതിന്റെ കാരണം 17-11-2004-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞിരുന്നു.

58. തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തേണ്ടിയിരുന്നതിനാലും പുതുതായി നിലവിൽ വന്ന കോർപ്പറേഷൻ എന്ന നിലയിൽ വാർഡ് പുനർ വിഭജനത്തിലും മറ്റും ഉണ്ടായ അപാകതകൾ വോട്ടർ പട്ടികയിൽ കടന്നുകൂടുകയും ജില്ലാ ഇലക്ഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ വോട്ടർ പട്ടികയിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് രണ്ടാമതും വോട്ടർ പട്ടിക അച്ചടിക്കേണ്ടി വന്നതിനാൽ അധിക തുക ചെലവഴിക്കേണ്ടി വന്നുവെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

59. ജില്ലാകളക്ടറിൽ നിന്ന് ലഭിച്ച തുകയിൽ നിന്നും വരവിൽ വക കൊള്ളിക്കാതെ നേരിട്ട് ചെലവഴിച്ചതായി പറയുന്ന വാഹന വാടക, ഇലക്ഷൻ ജോലികൾക്കായി നിയോഗിച്ച മുനിസിപ്പൽ ജീവനക്കാരുടെ റ്റി.എ./ഡി.എ. ആഹാര ചെലവ് എന്നിവയ്ക്കായി മുനിസിപ്പൽ ഫണ്ടിൽ നിന്ന് 1,01,244 രൂപ ചെലവഴിച്ചതായി കാണുന്നുവെന്നും പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥരുടെ റ്റി.എ/ഡി.എ. ഒഴിച്ചുള്ള എല്ലായിനങ്ങളിലുമുള്ള ചെലവുകൾ മുനിസിപ്പൽ ഫണ്ട് അക്കൗണ്ടിൽ നിന്ന് നേരിട്ട് ചെലവഴിച്ചിട്ടുണ്ടെന്നും അതിന്റെ വിശദാംശങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ലെന്നും ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായ തുകയുടെ യഥാർത്ഥ ചെലവ് വിവരം എന്താണെന്ന് പോലും വ്യക്തമാക്കിയിട്ടില്ലെന്നും കൊല്ലം കോർപ്പറേഷൻ ലോക്കൽഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും സമിതിയെ ബോധിപ്പിച്ചു.

60. തെരഞ്ഞെടുപ്പ് ചെലവുകളുമായി ബന്ധപ്പെട്ട കണക്കുകൾ സൂക്ഷിക്കാതിരുന്ന ക്ലാർക്കിന്റെ പേര് ഇതുമായി ബന്ധപ്പെട്ട വൗച്ചറുകൾ, മറ്റു രേഖകൾ മുതലായവ കൊല്ലം കോർപ്പറേഷൻ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് നൽകണമെന്നും, ഡെപ്യൂട്ടി ഡയറക്ടർ ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

61. സമിതി നിർദ്ദേശിച്ചതനുസരിച്ച് കൊല്ലം കോർപ്പറേഷൻ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ [ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 11-01-2006-ലെ എൽ.എഫ്.21308/സ്പെ.സെൽ (ജി1)/2004 നമ്പർ കത്ത് പ്രകാരം] തെരഞ്ഞെടുപ്പ് ചെലവുകളുമായി ബന്ധപ്പെട്ട മുനിസിപ്പൽ ഫയൽ നമ്പർ ജി.ഇ1/19456/2000-ഉം അനുബന്ധരേഖകളും പരിശോധിച്ചതിൽ ജില്ലാകളക്ടറുടെ പക്കൽ നിന്നും ലഭ്യമായ 2,92,721 രൂപയിൽ പോളിംഗ് ഓഫീസർമാരുടെ റ്റി.എ./ഡി.എ. നൽകിയ വകയിൽ അക്വിറ്റൻസ് ലഭ്യമാക്കാത്ത 5,815 രൂപയുടെ ചെലവ് അംഗീകരിക്കാവുന്നതല്ലെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

62. വോട്ടർ പട്ടികകളുടെ പകർപ്പ് എടുത്ത വകയിൽ 5,43,635 രൂപയുടെ ചെലവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഹാജരാക്കിയെന്നും വാഹനങ്ങളുടെ വാടകയ്ക്കും മറ്റു ചെലവുകൾക്കുമായി നൽകിയ 1,01,244 രൂപയുടെ വൗച്ചറുകൾ ഹാജരാക്കിയത് അംഗീകരിച്ചുവെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നൽകി.

63. എന്നാൽ തെരഞ്ഞെടുപ്പ് ചെലവുകൾക്കായി ജീവനക്കാർക്ക് നൽകിയ മുൻകൂർതുകയിൽ ശ്രീ. കെ. രശ്മിധരന് നൽകിയ 55,000 രൂപയിൽ 51,090 രൂപയുടെ ചെലവ് വിവരങ്ങളുടെ സ്റ്റേറ്റ്മെന്റ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതെന്നും വിശദാംശങ്ങളില്ലാത്ത 3,910 രൂപയുടെ ചെലവ് അംഗീകരിക്കാവുന്നതല്ലെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ചൂണ്ടിക്കാട്ടിയിരുന്നു. അതുപോലെ തന്നെ ശ്രീ. എൻ. സുരേന്ദ്രന് നൽകിയ 3,007 രൂപയുടെയും ശ്രീ. നാരായണൻ നമ്പൂതിരിക്ക് നൽകിയ 7,000 രൂപയുടെയും ശ്രീ. എം. പി. മോഹൻ കുമാറിന് നൽകിയ 7,000 രൂപയുടെയും ശ്രീ. ജി. ഘോഷിന് നൽകിയ 3,000 രൂപയുടെയും മുൻകൂർ തുകകളുടെ ചെലവ് സംബന്ധമായ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിക്ക് നൽകിയ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. ജില്ലാ കളക്ടറിൽ നിന്ന് ലഭിച്ച തുകയിൽ നിന്ന് അക്വിറ്റൻസ് ലഭ്യമാക്കാതെ ചെലവായി കാണിച്ചിട്ടുള്ള 5,815 രൂപയും മുൻകൂർ നൽകിയ തുകയിൽ ചെലവുകളുടെ വിശദാംശങ്ങൾ ഹാജരാക്കാത്ത 23,917 രൂപയും പ്രസ്തുത തുകകൾ മുൻകൂറായി വാങ്ങിയ ഉദ്യോഗസ്ഥരിൽ നിന്ന് പലിശ സഹിതം ഈടാക്കേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

64. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അധിക തുകകൾ ചെലവഴിക്കേണ്ട സാഹചര്യം പലപ്പോഴും വന്നു ചേർന്നേക്കാം. എന്നാൽ അങ്ങനെ അധിക തുക ചെലവഴിക്കേണ്ടിവന്നാൽപോലും തെരഞ്ഞെടുപ്പ് ജോലികൾക്കായി

കളക്ടറിൽ നിന്നോ മറ്റോ ലഭിക്കുന്ന തുകകൾ യഥാസമയം ക്യാഷ് ബുക്കിൽ വരവ് വയ്ക്കേണ്ടതും ചെലവിനങ്ങളുടെ വൗച്ചറുകളും മറ്റ് ബന്ധപ്പെട്ട രേഖകളും സൂക്ഷിച്ചിരിക്കേണ്ടതും ആഡിറ്റിന് ആവശ്യപ്പെടുമ്പോൾ നൽകേണ്ടതുമാണ്. കൊല്ലം കോർപ്പറേഷനിൽ ഇക്കാര്യങ്ങളിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് തന്നെയാണ് സമിതിയുടെ വിലയിരുത്തൽ.

65. ആയതിനാൽ ജില്ലാ കളക്ടറുടെ പക്കൽ നിന്നും ലഭ്യമായ 2,92,721 രൂപയിൽ നിന്ന് അക്വിറ്റൻസ് വാങ്ങാതെ പോളിംഗ് ഓഫീസർമാർക്ക് റ്റി.എ./ഡി.എ. നൽകിയ ഇനത്തിലുള്ള ചെലവായി കാണിച്ചിട്ടുള്ള 5,815 രൂപ പ്രസ്തുത തുക വിതരണം ചെയ്ത ഉദ്യോഗസ്ഥനിൽ നിന്ന് പലിശ സഹിതം ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ മുൻകൂർ തുകകൾ കൈപ്പറ്റിയിട്ടും ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ശ്രീ. കെ. രശ്മിധരനിൽ നിന്ന് 3,910 രൂപയും ശ്രീ. എൻ. സുരേന്ദ്രനിൽ നിന്ന് 3,007 രൂപയും ശ്രീ. നാരായണൻ നമ്പൂതിരിയിൽ നിന്ന് 7,000 രൂപയും ശ്രീ. എം. പി. മോഹൻകുമാറിൽ നിന്ന് 7,000 രൂപയും ശ്രീ. ജി. ഘോഷിൽ നിന്ന് 3,000 രൂപയും പലിശ സഹിതം ഈടാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം,
ഒക്ടോബർ, 19,2006

**എൻ. അനിരുദ്ധൻ,**
ചെയർമാൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

അനുബന്ധം 1

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കൊല്ലം കോർപ്പറേഷൻ | 13 | കോർപ്പറേഷനിലെ അക്കൗണ്ട്സ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നും കോർപ്പറേഷനിലെ കെട്ടിടങ്ങളുടെയും സ്ഥാപനങ്ങളുടെയും വാർഡ് തലത്തിലുള്ള കമ്പ്യൂട്ടർവൽകൃത ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കണമെന്നും പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുമ്പോൾ തന്നെ പ്രസ്തുത ലിസ്റ്റ് നവീകരിക്കുന്നതിനും (അപ്ഡേറ്റ് ചെയ്യുന്നതിന്) പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന നികുതി, നികുതി കുടിശ്ശിക മുതലായവ സംബന്ധിച്ച വിശദാംശങ്ങൾ ഏറ്റവും വേഗത്തിൽ കണ്ടുപിടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. വസ്തുനികുതി, തൊഴിൽ നികുതി, ചന്തവരവ്, ബസ്സ് സ്റ്റാന്റ് ഫീസ് പിരിവ്, വസ്തുക്കളിൽ നിന്നും കെട്ടിടങ്ങളിൽ നിന്നുമുള്ള വരവ് എന്നീയിനങ്ങളിൽ നാളിതുവരെയുള്ള കുടിശ്ശിക തുക എത്രയാണെന്ന് കണ്ടെത്തി കാലതാമസം കൂടാതെ അവ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും ഇങ്ങനെ പിരിച്ചെടുത്ത തുക സംബന്ധിച്ച വിശദാംശങ്ങൾ സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 2. | ,, | 18 | കൊല്ലം കോർപ്പറേഷനിൽ ഇത്തരമൊരു ടാർ മിക്സിംഗ് പ്ലാന്റ് വാങ്ങിയാൽ അത് ഫലപ്രദമായി പ്രവർത്തിപ്പിക്കുവാനും ഉപയോഗക്ഷമമാക്കുവാനും കഴിയുമോയെന്ന കാര്യത്തിൽ ഒരു സാങ്കേതിക പഠനമോ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വിലയിരുത്തലോ നടത്താതെ 6.75 ലക്ഷം രൂപ മുതൽ മുടക്കുകയും അത് ഒരു പാഴ്ചെലവായി മാറുന്നതിനും ഉത്തര വാദിയായ അന്നത്തെ കോർപ്പറേഷൻ എഞ്ചിനീയർ, സെക്രട്ടറി എന്നിവരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരി ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ ടാർ മിക്സിംഗ് പ്ലാന്റ് കോർപ്പറേഷൻ ഓഫീസിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന സാഹചര്യത്തിൽ അത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നും അല്ലെങ്കിൽ ഈ പ്ലാന്റ് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന മറ്റേതെങ്കിലും സ്ഥാപനത്തിന് കൈമാറുന്നതിനെ ക്കുറിച്ച് ആലോചിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3. | കൊല്ലം കോർപ്പറേഷൻ | 22 | പ്രോജക്ടുകളുടെ രൂപീകരണത്തിൽ ഇത്തരം പാളിച്ചകൾ ഉണ്ടാകുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നതിനും കൊല്ലം കോർപ്പറേഷനിലെ കൊതുക് നിവാരണ പ്രവർത്തനങ്ങൾക്കായി 4,05,361 രൂപ ചെലവ് ചെയ്ത് വാങ്ങിയിട്ടുള്ള ജീപ്പും ട്രെയിലറും സ്പ്രെയറുകളും കൊതുകു നിവാരണ പ്രവർത്തനങ്ങൾക്ക് തന്നെ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണ മെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 4 | ,, | 34 | . ബസ്സ് ടെർമിനൽ നിർമ്മാണ പ്രോജക്ട് ഉപേക്ഷിച്ചിട്ടില്ലെന്നും തുടർ നടപടികൾ കൗൺസിലിന്റെ പരിഗണനയിലാണെന്നും റിപ്പോർട്ട് നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രോജക്ട് എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നും ഇതു സംബന്ധമായ റിപ്പോർട്ട് സിമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഈ പദ്ധതി എ. ഡി. ബി. ഏറ്റെടുത്തിട്ടുണ്ടെന്ന് അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടർ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതിയെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ. ഇപ്രകാരം ഏറ്റെടുത്തതിന്റെ സാമ്പത്തികവും സാങ്കേതികവുമായ വശങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ റിപ്പോർട്ടു സമിതിക്കു ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 5. | കൊല്ലം കോർപ്പറേഷൻ | 43 | ടാർ വാങ്ങുന്നതിലും ട്രാൻസ്പോർട്ട് ചെയ്യുന്നതിലുമുള്ള ക്രമക്കേടുകളെക്കുറിച്ച് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി വിശദമായ റിപ്പോർട്ട് സമിതിക്ക് നൽകി യിരിക്കുകയും ആയത് പ്രഥമദൃഷ്ട്യാ തൃപ്തികരമാണെന്ന് തോന്നുകയും ചെയ്യുന്നതിനാൽ ഇക്കാര്യത്തിൽ കൊല്ലം കോർപ്പറേഷൻ ലോക്കൽഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് വിശദമായ മറുപടി നൽകണമെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യത്തിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 6. | ,, | 50 | മഹാറാണി മാർക്കറ്റ് സ്റ്റാളിൽ കടമുറികൾ അനുവദിക്കുന്നതിനായി ചെക്ക് വാങ്ങിയ തിനും അത് മടങ്ങുന്നതിനുമിടയാക്കിയ സാഹചര്യങ്ങളും, സ്റ്റാളുകൾ അനുവദിച്ചു കിട്ടിയ വ്യാപാരികൾ പണം തിരിച്ചടച്ചതിന്റെ രേഖകളും, ആഡിറ്റ് അധികൃതർക്ക് ഹാജരാക്കി ആഡിറ്റ് പരാമർശം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 7. | ,, | 55 | കന്റോൺമെന്റ് മൈതാനം കുറഞ്ഞ വാടകനിരക്കിൽ അനുവദിച്ചതുവഴി കൊല്ലം കോർപ്പറേഷന് (പരാമർശ കാലയളവിൽ മുനിസിപ്പൽ കൗൺസിൽ) 2.00 ലക്ഷം രൂപയുടെ നഷ്ടമുണ്ടാക്കിയതിനുത്തരവാദികളായ മുകളിൽ പറഞ്ഞ 18 കൗൺസിലർമാരിൽ നിന്ന് 2.00 ലക്ഷം രൂപ പലിശസഹിതം ഈടാക്കാൻ സർക്കാർതലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8. | കൊല്ലം കോർപ്പറേഷൻ | 65 | ജില്ലാ കളക്ടറുടെ പക്കൽ നിന്നും ലഭ്യമായ 2,92,721 രൂപയിൽ നിന്ന് അക്വിറ്റൻസ് വാങ്ങാതെ പോളിംഗ് ഓഫീസർമാർക്ക് റ്റി.എ./ഡി.എ. നൽകിയ ഇനത്തിലുള്ള ചെലവായി കാണിച്ചിട്ടുള്ള 5,815 രൂപ പ്രസ്തുത തുക വിതരണം ചെയ്ത ഉദ്യോഗസ്ഥനിൽ നിന്ന് പലിശ സഹിതം ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ മുൻകൂർ തുകകൾ കൈപ്പറ്റിയിട്ടും ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ശ്രീ. കെ. രശ്മിധരനിൽ നിന്ന് 3,910 രൂപയും ശ്രീ. എൻ. സുരേന്ദ്രനിൽ നിന്ന് 3,007 രൂപയും ശ്രീ. നാരായണൻ നമ്പൂതിരിയിൽ നിന്ന് 7,000 രൂപയും ശ്രീ. എം. പി. മോഹൻ കുമാറിൽ നിന്ന് 7,000 രൂപയും ശ്രീ. ജി. ഘോഷിൽ നിന്ന് 3,000 രൂപയും പലിശ സഹിതം ഈടാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു. |

അനുബന്ധം 2

## അർബൻ അഫയേഴ്സ് ഡയറക്ടറാഫീസ്

നം. സി. 4-18731/2004.

അർബൻ അഫയേഴ്സ് ഡയറക്ടർ.

തിരുവനന്തപുരം,
10-11-2004.

ഗവൺമെന്റ് സെക്രട്ടറി,
കേരള നിയമസഭ.

സർ,

വിഷയം:—കേരള നിയമസഭ—ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി—17-11-2004-ലെ മീറ്റിംഗ് സംബന്ധിച്ച്.

സൂചന:—1-11-2004-ലെ 14429/എൽ. എഫ്. എ. സി. 1/2004 ലെജി. നമ്പർ കത്ത്.

സൂചിത കത്തിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

കൊല്ലം നഗരസഭയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ആഡിറ്റ് പാരകളെ സംബന്ധിക്കുന്ന റിപ്പോർട്ടിന്റെ 35 പകർപ്പുകൾ വീതം പ്രത്യേക ദൂതൻവശം ഇതോടൊപ്പം കൊടുത്തയയ്ക്കുന്നു.

താങ്കളുടെ വിശ്വസ്തൻ,
(ഒപ്പ്)
അർബൻ അഫയേഴ്സ് ഡയറക്ടർക്കുവേണ്ടി.